തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

കേരള സർക്കാർ

LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

# തദ്ദേശകം

മാർച്ച് 2026 പുസ്തകം 2 ലക്കം 3



## പരിസ്ഥിതി
## ജൈവവൈവിധ്യം
## സുസ്ഥിരവികസനം

## മാർച്ച് 22

# ലോക ജലദിനം

ഭൂമിയിലെ ശുദ്ധജലസ്രോതസ്സുകളുടെ പ്രാധാന്യം പ്രചരിപ്പിക്കുന്നതിനായി എല്ലാ വർഷവും മാർച്ച് 22 ലോക ജലദിനമായി (World Water Day) ആഘോഷിക്കുന്നു.1992-ൽ ബ്രസീലിലെ റിയോ ഡി ജനീറോയിൽ നടന്ന പരിസ്ഥിതിക്കും വികസനത്തിനും വേണ്ടിയുള്ള ഐക്യരാഷ്ട്രസഭയുടെ സമ്മേളനത്തിലാണ് (UNCED) ജലദിനം എന്ന നിർദ്ദേശം ഉയർന്നുവന്നത്. 1993 മുതൽ ഐക്യരാഷ്ട്രസഭ ഔദ്യോഗികമായി ലോക ജലദിനം ആചരിച്ചുതുടങ്ങി. ജലം പാഴാക്കാതെ ഉപയോഗിക്കാനും ശുദ്ധജല സ്രോതസ്സുകൾ സംരക്ഷിക്കാനും പ്രോത്സാഹനം നൽകുക എന്നതാണ് ഈ ദിനാഘോഷത്തിന്റെ പ്രധാന ലക്ഷ്യം. കൂടാതെ, 2030-ഓടെ ലോകത്തെ എല്ലാവർക്കും സുരക്ഷിതമായ കുടിവെള്ളവും ശുചിത്വവും ഉറപ്പാക്കുക എന്ന ലക്ഷ്യവും (SDG 6) ഇതിന്റെ ഭാഗമായി ഏറ്റെടുത്തിട്ടുണ്ട്.

ഓരോ വർഷവും ഓരോ പ്രത്യേക പ്രമേയ (theme)ത്തിന്റെ അടിസ്ഥാനത്തിലാണ് ലോക ജലദിനം ആഘോഷിക്കുന്നത്. ‘സമാധാനത്തിനായി ജലം’ (Water for Peace) എന്നതായിരുന്നു 2024-ലെ പ്രമേയം. രാജ്യങ്ങൾക്കിടയിലും സമൂഹങ്ങൾക്കിടയിലും സമാധാനം നിലനിർത്തുന്നതിൽ ശുദ്ധജലത്തിന്റെ ലഭ്യതയ്ക്കും നീതിയുക്തമായ വിതരണത്തിനുമുള്ള പങ്ക് ഇത് ഉയർത്തിപ്പിടിച്ചു. ‘മാറ്റത്തിന്റെ തരംഗങ്ങൾ: ജലത്തിനും ശുചിത്വത്തിനുമായി നമുക്ക് ഒന്നിച്ച് പ്രവർത്തിക്കാം’ (Waves of Change: Together for Water and Sanitation) എന്ന പ്രമേയമാണ് 2025-ൽ സ്വീകരിച്ചത്.

ജലലഭ്യതയും ലിംഗസമത്വവും തമ്മിലുള്ള ശക്തമായ ബന്ധത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക എന്നതാണ് 2026-ൽ ഈ ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്. ‘വെള്ളം ഒഴുകുന്നിടത്ത് സമത്വം വളരുന്നു’ (Where water flows, equality grows) എന്നതാണ് ഈ വർഷത്തെ ലോകജലദിന സന്ദേശം.



തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ

# തദ്ദേശകം

മാർച്ച് 2026 പുസ്തകം2 ലക്കം 3

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

*ചെയർമാൻ*
**എം.ബി. രാജേഷ്**
തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി

*കൺവീനർ*
**ജെറോമിക് ജോർജ്ജ്** ഐ.എ.എസ്
പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ.

*അംഗങ്ങൾ*
**അപൂർവ്വ ത്രിപാഠി** ഐ.എ.എസ്
ഡയറക്ടർ, എൽ.എസ്.ജി.ഡി (റൂറൽ)
**സൂരജ് ഷാജി.** ഐ.എ.എസ്
ഡയറക്ടർ, എൽ.എസ്.ജി.ഡി (അർബൻ)
**എ. നിസാമുദ്ദീൻ.** ഐ.എ.എസ്
ഡയറക്ടർ, കില

**ഷിജി ഇ ചന്ദ്രൻ**
ചീഫ് ടൗൺ പ്ലാനർ

**സന്ദീപ്. കെ.ജി**
ചീഫ് എൻജിനീയർ

**എം.പി. അജിത്കുമാർ**
അഡീഷണൽ ഡയറക്ടർ

പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ

ചെയർപേഴ്സൺ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചേംബർ

ചെയർമാൻ, ചേംബർ ഓഫ് മുൻസിപ്പൽ ചെയർമാൻ

പ്രസിഡന്റ്, മേയേർസ് കൗൺസിൽ സെക്രട്ടറി,
പ്രസ് ക്ലബ്, തിരുവനന്തപുരം

*എഡിറ്റർ*
**ദീപ. കെ.**
*ചീഫ് ഓഫീസർ,*
കമ്മ്യൂണിക്കഷൻ & പബ്ലിക് റിലേഷൻസ്

*അസിസ്റ്റന്റ് എഡിറ്റർ*
**ദിനിൽ. ആർ**
സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ,

*കമ്മ്യൂണിക്കേഷൻ അസിസ്റ്റന്റ്*
**ഷിജു ഏലിയാസ്**

*സർക്കുലേഷൻ മാനേജർ*
**ജയപ്രകാശ്. കെ**
അസിസ്റ്റന്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ

*കവർ & ലേ-ഔട്ട്*
**ദീപക് മൗത്താട്ടിൽ**

*ഓഫീസ്*
എൽ.എസ്.ജി.ഡി. ഇൻഫർമേഷൻ ബ്യൂറോ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ. പി.ഒ. തിരുവനന്തപുരം-03
ഫോൺ- 0471 2317262

ribkerala@gmail.com
lsgdpr2024@gmail.com

**എഡിറ്റോറിയൽ**

## പരിസ്ഥിതി, ജൈവവൈവിധ്യം, സുസ്ഥിര വികസനം

മനുഷ്യൻ താൻ ജീവിക്കുന്ന ആവാസവ്യവസ്ഥയുടെ യജമാനനല്ല, മറിച്ച് അതിലെ ഒരു കണ്ണി മാത്രമാണ്. കാലാവസ്ഥാ വ്യതിയാനവും അതിന്റെ ഭാഗമായി ആവാസവ്യവസ്ഥകളിൽ സംഭവിക്കുന്ന മാറ്റങ്ങളും വർദ്ധിച്ചുവരുന്ന പ്രകൃതിദുരന്തങ്ങളും മനുഷ്യന്റെ നിലനിൽപ്പിന് വെല്ലുവിളി ഉയർത്തുന്ന ഈ കാലഘട്ടത്തിൽ, സുസ്ഥിര വികസനത്തെ സംബന്ധിച്ച ശാസ്ത്രീയ സമീപനത്തിനും കർമ്മപദ്ധതികൾക്കും പ്രസക്തി ഏറുകയാണ്. ഇന്നിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി നാളെയുടെ നിലനിൽപ്പിന്റെ കണ്ണികൾ നാം അറുത്തുമാറ്ററുത്.

പരിസ്ഥിതി സംരക്ഷണം, ജൈവവൈവിധ്യ പരിപാലനം, സുസ്ഥിര വികസന ലക്ഷ്യങ്ങൾ എന്നിവ കൈകോർക്കുന്ന ഒരു വികസന മാതൃകയിലൂടെ മാത്രമേ കൂടുതൽ വാസയോഗ്യവും സുരക്ഷിതവുമായ ലോകം സാധ്യമാക്കാനാവൂ. ഭൂമിയുടെ പച്ചപ്പിനും മനുഷ്യന്റെ സ്വൈരജീവിതത്തിനുമായി ഭേദചിന്തകളില്ലാതെ നാം ഒന്നിച്ചുനിൽക്കേണ്ടതിന്റെ ആവശ്യകതയാണ് 'തദ്ദേശകം' ഈ ലക്കത്തിലൂടെ പങ്കുവെക്കുന്നത്. ഐക്യരാഷ്ട്രസഭ മുന്നോട്ടുവെക്കുന്ന വികസന കാഴ്ചപ്പാടുകളും, സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDGs) കൈവരിക്കുന്നതിനായുള്ള ആഗോള പ്രവർത്തനങ്ങളും ഇതിൽ വിലയിരുത്തുന്നു. ഒപ്പം, ജൈവസമ്പത്തിനാൽ സവിശേഷമായ കേരളത്തിന്റെ സാഹചര്യങ്ങളും ഇതിൽ പരിശോധിക്കുന്നു.

പുനഃസ്ഥാപിക്കാൻ കഴിയാത്ത പ്രകൃതിവിഭവങ്ങളെ വരുംകാലത്തേക്ക് കൂടി കരുതിവെച്ചുകൊണ്ടുള്ള സുസ്ഥിര വികസനമാണ് കാലഘട്ടത്തിന്റെ ആവശ്യം. പ്രാദേശികമായ ജൈവവൈവിധ്യത്തെ സംരക്ഷിക്കുന്നതിലൂടെ മാത്രമേ ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങളിലേക്ക് നമുക്ക് എത്തിച്ചേരാനാകൂ. ജൈവവൈവിധ്യ പരിപാലനം എന്നത് ഭക്ഷ്യസുരക്ഷ, ജൈവസന്തുലനം, പ്രകൃതി സംരക്ഷണം എന്നിവയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഓരോ പ്രദേശത്തെയും തനതായ സസ്യലതാദികളും ജീവജാലങ്ങളും തണ്ണീർത്തടങ്ങളും കാത്തുസൂക്ഷിച്ചുകൊണ്ട് മാത്രമേ ഭൂമിയുടെ തുടിപ്പ് നിലനിർത്താനാവൂ.

പരിസ്ഥിതി സൗഹൃദപരമായ ഒരു സംസ്കാരം വളർത്തിയെടുക്കാൻ ഓരോ പൗരനും ധർമ്മമായും നിയമപരമായും ബാധ്യതയുണ്ട് - പ്രകൃതി സംരക്ഷണം നമ്മുടെ ഭരണഘടനാപരമായ കടമ കൂടിയാണ്. നമുക്ക് കൈമാറിക്കിട്ടിയ ഭൂമിയും അതിലെ വിഭവങ്ങളും സുരക്ഷിതമായി കൈമാറിക്കൊടുത്തു കൊണ്ടു മാത്രമേ വരുംതലമുറകളോടും നമ്മോടു തന്നെയും നീതി പുലർത്താൻ നമുക്കാവൂ. നാടിന്റെ സുസ്ഥിര ഭാവിക്കായുള്ള യോജിച്ച ചുവടുവെപ്പുകൾ നമുക്ക് കൂടുതൽ ശക്തിപ്പെടുത്താം.

**ദീപ കെ.**
എഡിറ്റർ





# ഉള്ളടക്കം


06
ഐക്യ രാഷ്ട്ര സഭയുടെ
സുസ്ഥിര വികസന ലക്ഷ്യങ്ങൾ
**ടി ഷാഹുൽ ഹമീദ്**

14
ഭാവി തലമുറകൾക്കായി

18
മാറുന്ന
വികസന മുൻഗണനകൾ

28
ജൈവവൈവിധ്യ
കർമ്മപദ്ധതി എന്തിന്
**ദിനിൽ ആർ.**

36
ഭൂമിക്കൊരു ചരമഗീതം
പരിസ്ഥിതി സാഹിത്യത്തിലെ വിച്ഛേദം!
**ഷിജു എലിയാസ്**

ടി ഷാഹുൽ ഹമീദ്




# ഐക്യ രാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ

ഐക്യരാഷ്ട്രസഭയുടെ ആസ്ഥാനത്ത് നടന്ന യുഎൻ സസ്റ്റൈനബിൾ ഡെവലപ്മെന്റ് സമ്മിറ്റിൽ വെച്ച് 2015 സെപ്റ്റംബർ 25 നാണ് സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDGs) യു.എൻ. ഔദ്യോഗികമായി സ്വീകരിച്ചത്. 'നമ്മുടെ ലോകത്തെ മാറ്റിമറിക്കുക: സുസ്ഥിര വികസനത്തിനായുള്ള 2030 അജണ്ട' (Transforming our world: the 2030 Agenda for Sustainable Development) എന്ന പേരിലാണ് ഈ പ്രമേയം അറിയപ്പെടുന്നത്. ഐക്യരാഷ്ട്ര സഭയിലെ 193 അംഗരാജ്യങ്ങളും ഐകകണ്ഠ്യേന അംഗീകരിച്ച ഈ ലക്ഷ്യങ്ങൾ 2016 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വന്നു. ഭൂമിയുടെയും മനുഷ്യരാശിയുടെയും നിലനിൽപ്പിനുള്ള ഒരു ബ്ലൂപ്രിന്റ് ആണ് ഈ സുസ്ഥിര വികസന ലക്ഷ്യങ്ങൾ. ഒരു രാജ്യം മാത്രം വികസിച്ചതു കൊണ്ട് കാര്യമില്ല; ലോകം ഒന്നായി മുന്നേറിയാൽ മാത്രമേ മനുഷ്യരാശിക്ക് സുരക്ഷിതമായി നിലനിൽക്കുവാൻ സാധിക്കുകയുള്ളൂ. സുസ്ഥിര വികസനം എന്നത് ഇന്നത്തെ തലമുറയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതോടൊപ്പം ഭാവി തലമുറയുടെ അവസരങ്ങളെ ഇല്ലാതാക്കാതിരിക്കലുമാണ്.

ദാരിദ്ര്യവും പട്ടിണിയും ഇല്ലാത്ത ലോകം, പരിസ്ഥിതി സംരക്ഷിച്ച് കാലാവസ്ഥാ നീതി ഉറപ്പുവരുത്തുന്ന ലോകക്രമം, ശുദ്ധവായുവും ശുദ്ധജലവും സകല മനുഷ്യർക്കും ലഭ്യമാകുന്ന സംവിധാനം, തുല്യത ഉറപ്പുവരുത്തി അസമത്വം കുറച്ച് സാമൂഹ്യ നീതി ലഭ്യമാകുന്ന അവസ്ഥ, ലോകരാജ്യങ്ങൾ തമ്മിലും ജനങ്ങൾ തമ്മിലുമുള്ള സമാധാനപരമായ സഹവർത്തിത്വം, നൂതന സാങ്കേതികവിദ്യ എല്ലാ ജനങ്ങൾക്കും പ്രാപ്യമാക്കി സാങ്കേതിക ഭദ്രത ഉറപ്പുവരുത്തുന്ന ലോക സാഹചര്യം എന്നിങ്ങനെയുള്ള ഉദാത്ത ലക്ഷ്യങ്ങൾ 2030-ോടെ നേടാനാണ് ലോകം ആഗ്രഹിച്ചത്. 2030 ലേക്കുള്ള ദൂരം കുറഞ്ഞു വരികയാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ റിപ്പോർട്ട് (2025) പ്രകാരം ഈ ലക്ഷ്യങ്ങൾ നേടുന്നതിനുള്ള പ്രവർത്തനങ്ങളിലെ പുരോഗതി 17-18% മാത്രമാണ്. ചില ലക്ഷ്യങ്ങളിൽ 35% വരെ പുരോഗതി കാണിക്കുന്നുണ്ടെങ്കിലും മറ്റ് ലക്ഷ്യങ്ങളുടെ പ്രവർത്തനം ഒന്നുകിൽ നിശ്ചലമാവുകയോ അല്ലെങ്കിൽ ദുർബ്ബലമാവുകയോ ചെയ്തിട്ടുണ്ട്.

ആരോഗ്യരംഗത്ത് ശിശു മരണനിരക്ക് കുറയ്ക്കുന്നതിലും സാംക്രമിക രോഗങ്ങളെ നിയന്ത്രിക്കുന്നതിലും പല രാജ്യങ്ങളും കാര്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ, പ്രൈമറി വിദ്യാഭ്യാസ രംഗത്ത് ആഗോളതലത്തിൽ വലിയ മുന്നേറ്റം ഉണ്ടായിട്ടുണ്ട്. സുസ്ഥിര ഊർജ്ജലഭ്യത നേടുക




## സുസ്ഥിര വികസന ലക്ഷ്യങ്ങൾ

1) ദാരിദ്ര്യനിർമാർജ്ജനം
2) പട്ടിണി ഇല്ലാതാക്കുക
3) ആരോഗ്യവും ക്ഷേമവും
4) ഗുണമേന്മയുള്ള വിദ്യാഭ്യാസം
5) ലിംഗ സമത്വം
6) ശുദ്ധജലവും ശുചിത്വവും
7) കുറഞ്ഞ ചെലവിൽ സുസ്ഥിര ഊർജ്ജം
8) മാന്യമായ ജോലിയും സാമ്പത്തിക വളർച്ചയും
9) വ്യവസായം, നവീകരണം, അടിസ്ഥാന സൗകര്യങ്ങൾ
10) അസമത്വം കുറയ്ക്കുക
11) സുസ്ഥിരനഗരങ്ങളും സമൂഹങ്ങളും
12) ഉത്തരവാദിത്വത്തോടെയുള്ള ഉപഭോഗവും ഉൽപ്പാദനവും
13) കാലാവസ്ഥ പ്രതിരോധം
14) ജലത്തിനടിയിലെ ജീവൻ
15) കരയിലെ ജീവൻ
16) സമാധാനം, നീതി, ശക്തമായ സ്ഥാപനങ്ങൾ
17) ലക്ഷ്യങ്ങൾക്കായി പങ്കാളിത്തം





എന്ന ലക്ഷ്യത്തിൽ, പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിലേക്കുള്ള മാറ്റം പലയിടത്തും വേഗത്തിൽ നടക്കുന്നുണ്ട്. എങ്കിലും കാലാവസ്ഥാ പ്രതിരോധം, ദാരിദ്ര്യവും അസമത്വവും കുറയ്ക്കുക, ലിംഗസമത്വം എന്നീ ലക്ഷ്യങ്ങൾ പൂർണമായും കൈവരിക്കുവാൻ ഇനിയും ദശാബ്ദങ്ങൾ വേണ്ടി വരും. ഭക്ഷ്യ സുരക്ഷ, ഊർജ്ജം, ഡിജിറ്റൽ വിനിമയം, വിദ്യാഭ്യാസവും തൊഴിലും, കാലാവസ്ഥാ പ്രതിരോധം എന്നീ ആറ് മേഖലകളിൽ പ്രത്യേക ഊന്നൽ നൽകിയാണ് ഐക്യരാഷ്ട്രസഭ മുന്നോട്ടുപോകുന്നത്.

പട്ടിണിയില്ലാത്ത ലോകത്തിനായി ഇനിയും ഒരുപാട് സഞ്ചരിക്കേണ്ടി വരും. പ്രതിദിനം 3 അമേരിക്കൻ ഡോളറിൽ താഴെ വരുമാനമുള്ളവരെയാണ് യു.എൻ. അതിദരിദ്രർ (extremely poor) ആയി കണക്കാക്കുന്നത്. ലോക ജനസംഖ്യയുടെ 10% ഇപ്പോഴും അതി ദരിദ്രരാണ്. 84.7 കോടി ജനങ്ങളെ അതിദാരിദ്ര്യത്തിൽ നിന്നും എങ്ങനെ മോചിപ്പിക്കുവാൻ സാധിക്കും എന്ന ചോദ്യം പ്രധാനമാണ്. ലോകത്ത് 11-ൽ ഒരാൾ പട്ടിണി അനുഭവിക്കുന്നു. 77 ലക്ഷം പേർ കടുത്ത ക്ഷാമം അനുഭവിക്കുന്നു. ലോകത്തെ 29% അതായത് 240 കോടി ജനങ്ങൾ ഭക്ഷ്യ പ്രതിസന്ധി നേരിടുന്നു. ആഫ്രിക്കയിലെ ജനങ്ങളിൽ അഞ്ചിൽ ഒന്നും പട്ടിണിയിലാണ്. യുദ്ധവും സംഘർഷവുമാണ് ആഗോള പട്ടിണിയുടെ 60% ന്റെയും കാരണം. 3.1 കോടി ജനങ്ങൾ പട്ടിണിയിലായ

**പ്രതിദിനം 3 അമേരിക്കൻ ഡോളറിൽ താഴെ വരുമാനമുള്ളവരെയാണ് യു.എൻ. അതിദരിദ്രർ ആയി കണക്കാക്കുന്നത്. ലോക ജനസംഖ്യയുടെ 10% ഇപ്പോഴും അതി ദരിദ്രരാണ്.**

നൈജീരിയ, 2.5 കോടിയിൽ അധികം പട്ടിണിയിലായ സുഡാൻ, 95 % ജനങ്ങളും പട്ടിണിയിലായ ഗാസ തുടങ്ങിയവ നമുക്ക് മുന്നിലുണ്ട്. ഹെയ്ത്തി, സൗത്ത് സുഡാൻ എന്നിവിടങ്ങളിലെ ജനങ്ങളിൽ 50% പേരും പട്ടിണിയിലാണ്.

ലോകത്ത് 280 കോടി ജനങ്ങൾക്കും ഗുണനിലവാരമുള്ള പോഷകാഹാരം വാങ്ങിക്കുവാനുള്ള സാമ്പത്തികശേഷിയില്ല. കുറഞ്ഞ വരുമാനമുള്ള രാജ്യങ്ങളിൽ ഇത് 71% വരെയാണ്. ലോകത്ത് സംഭവിക്കുന്ന ശിശു മരണങ്ങളിൽ 50% വും പോഷകാഹാര കുറവുകൊണ്ടാണ് സംഭവിക്കുന്നത്. ഓരോ വർഷവും പട്ടിണി മൂലം മരിക്കുന്ന 90 ലക്ഷം ആളുകളിൽ മൂന്നിൽ ഒന്നും അഞ്ചു വയസ്സിന് താഴെയുള്ള കുട്ടികളാണ്. ഇതിനെ മറികടക്കുന്നതിന് വേണ്ടി ഐക്യരാഷ്ട്രസഭ ആവിഷ്കരിച്ച് യുഎൻ വേൾഡ് ഫുഡ് പ്രോഗ്രാം നടപ്പിലാക്കണമെങ്കിൽ 2026ൽ മാത്രം 1.3 ബില്യൺ യുഎസ് ഡോളർ ആവശ്യമാണ്.

വ്യാവസായിക വിപ്ലവത്തിന് മുമ്പുള്ള കാലത്തെ അപേക്ഷിച്ച് 2026 ൽ ആഗോളതാപനില 1.43 ഡിഗ്രി സെൽഷ്യസ് വർദ്ധിച്ചു. 2029 ൽ ഇത് 1.5 ഡിഗ്രി സെൽഷ്യസ് കടക്കും. അന്തരീക്ഷത്തിൽ കാർബൺഡയോക്സൈഡ്, മീഥൈൻ

എന്നീ ഹരിതഗൃഹ വാതകങ്ങളുടെ അളവ് വർദ്ധിക്കുന്നു. ചൂടുകാരണം ഹിമാനികൾ ഉരുകുന്നു. 2015–25 കാലയളവിലാണ് ചരിത്രത്തിൽ ഏറ്റവും ചൂടേറിയ വർഷങ്ങൾ രേഖപ്പെടുത്തിയത്. കാലാവസ്ഥാ വ്യതിയാനത്തിൽ ഏറ്റവും കുറവ് സംഭാവന ചെയ്യുന്ന തെക്കൻ മേഖലയിലെ ദരിദ്ര രാജ്യങ്ങളാണ് കാലാവസ്ഥാ വ്യതിയാനത്തിന്റെ ഏറ്റവും വലിയ ആഘാതം അനുഭവിക്കേണ്ടി വരുന്നത്!

കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി ദരിദ്രരാജ്യങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഐക്യരാഷ്ട്രസഭ ആവിഷ്കരിച്ച പദ്ധതികൾക്ക് 1.3 ട്രില്യൺ യൂ എസ് ഡോളർ വേണം. ഇത് നൽകുവാൻ വികസിത സമ്പന്ന രാജ്യങ്ങൾ മടിച്ചു നിൽക്കുകയാണ്. പ്രകൃതി ദുരന്തങ്ങൾ ഉണ്ടായാൽ 10% ജനങ്ങൾക്ക് മാത്രമേ ഏതെങ്കിലും തരത്തിലുള്ള ഇൻഷുറൻസ് ആനുകൂല്യം ലഭിക്കുന്നുള്ളൂ. പല രാജ്യങ്ങളും 'നെറ്റ് സീറോ' കാർബൺ എന്ന ലക്ഷ്യത്തിലേക്ക് നീങ്ങുന്നുവെങ്കിലും ലോകം കാലാവസ്ഥ പ്രതിസന്ധിയുടെ പിടിയിലാണെന്ന് വർധിച്ചു വരുന്ന പ്രകൃതി ദുരന്തങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

ലോകത്ത് അസമത്വം വർധിക്കുന്നതായി 2026 ലെ ലോക അസമത്വ റിപ്പോർട്ട് വ്യക്തമാക്കുന്നു. ആഗോള സമ്പത്തിന്റെ 75% ഏറ്റവും സമ്പന്നരായ 10% ആളുകളുടെ കൈകളിലാണ്. താഴെത്തട്ടിലുള്ള 50% ജനങ്ങളുടെ കയ്യിലുള്ളത് ആഗോള സമ്പത്തിന്റെ 2% മാത്രമാണ്. ഇന്ത്യയിൽ 10% സമ്പന്നർ 58% വരുമാനം കൈകാര്യം ചെയ്യുന്നു. പുരുഷന്മാർക്ക് ലഭിക്കുന്നതിന്റെ 61% ആണ് സ്ത്രീകളുടെ വേതനം. രാജ്യത്ത് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 15% മാത്രമാണ്.

ലോകം അശാന്തി നിറഞ്ഞ കാലത്തിലൂടെയാണ് കടന്നുപോകുന്നത്. ലോകത്ത് 0.56% സമാധാനം കുറഞ്ഞു. പലസ്തീനിലെ ഇസ്രയേൽ അധിനിവേശം, അമേരിക്കയും ഇസ്രായേലും ചേർന്ന് ഇറാനെതിരെ തുടങ്ങി വച്ച യുദ്ധം, സുഡാനിലെ ആഭ്യന്തര കലഹം, ഉക്രെയ്ൻ – റഷ്യ സംഘർഷം, മ്യാൻമാർ, ഹെയ്ത്തി എന്നീ രാജ്യങ്ങളിലെ ആഭ്യന്തര കലഹങ്ങൾ എന്നിവ ലോകത്തെ സംഘർഷഭരിതമാക്കുന്നു. ഐക്യരാഷ്ട്ര സമാധാന സേന ലോകത്ത് 12 രാജ്യങ്ങളിൽ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.



**ലോകത്ത് 280 കോടി ജനങ്ങൾക്കും ഗുണനിലവാരമുള്ള പോഷകാഹാരം വാങ്ങിക്കുവാനുള്ള സാമ്പത്തികശേഷിയില്ല. കുറഞ്ഞ വരുമാന മുള്ള രാജ്യങ്ങളിൽ ഇത് 71% വരെയാണ്. ലോകത്ത് സംഭവിക്കുന്ന ശിശു മരണങ്ങളിൽ 50 % വും പോഷകാഹാര കുറവുകൊണ്ടാണ് സംഭവിക്കുന്നത്.**

ലോകത്തിന്റെ സാമ്പത്തിക വളർച്ച ഇനിയും കോവിഡിന് മുമ്പുള്ള നിരക്കിൽ എത്തിയിട്ടില്ല. നിലവിൽ ആഗോള സാമ്പത്തിക വളർച്ച 2.8% മാത്രമാണ്. കോവിഡിന് മുൻപ് ഇത് 3.2% വരെയായിരുന്നു. തൊഴിലില്ലായ്മ 5%-നും വില ക്കയറ്റം 12%-നും മുകളിലാണ്. വരുമാനം കുറഞ്ഞ രാജ്യങ്ങളിൽ 60% വും കടക്കെണി യിലാണ്.

## പ്രതീക്ഷ

2025 ൽ ബ്രസീലിലെ ബേലത്ത് നടന്ന അന്താരാഷ്ട്ര ഉച്ചകോടിയിലെ ആക്ഷൻ പ്ലാൻ പ്രകാരം തൊഴിൽ മനുഷ്യാവകാശമായി പ്രഖ്യാ പിച്ചു. രാജ്യങ്ങൾക്കിടയിൽ പരിസ്ഥിതി അവകാശത്തിന്റെ നീതിപൂർവമായ വിതരണം ഉറപ്പാക്കുവാനും ഈ ഉച്ചകോടി തീരുമാനിച്ചു. ദോഹ പൊളിറ്റിക്കൽ ഡിക്ലറേഷൻ (2026) പ്രകാരം വികസിത - വികസ്വര രാജ്യങ്ങൾക്കിടയിലുള്ള സാങ്കേതികവിദ്യയിലെ വിടവുകൾ കുറക്കു വാനുള്ള തീരുമാനങ്ങളും ഉണ്ടായി. ഡാറ്റ





**വ്യാവസായിക വിപ്ലവത്തിന് മുമ്പുള്ള കാലത്തെ അപേക്ഷിച്ച് 2026 ൽ ആഗോളതാപനില 1.43 ഡിഗ്രി സെൽഷ്യസ് വർദ്ധിച്ചു. 2029 ൽ ഇത് 1.5 ഡിഗ്രി സെൽഷ്യസ് കടക്കും.**

പോളിസി, സാമൂഹ്യ സുരക്ഷിതത്വം എന്നിവയിൽ ഇത് പുതിയ ചലനങ്ങൾ ഉണ്ടാക്കും.

2026 ൽ തുർക്കിയിലെ അന്റാലിയയിൽ വച്ച് നടക്കുന്ന COP 31 ഉച്ചകോടി ഫോസിൽ ഇന്ധനങ്ങളായ കൽക്കരി, പെട്രോൾ എന്നിവയുടെ ഉപയോഗം പൂർണമായി നിർത്തലാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യും. 2026 ൽ നടന്ന ഹൈലൈവൽ പൊളിറ്റിക്കൽ ഫോറത്തിൽ വിദഗ്ധന്മാർ മുന്നോട്ടു വെച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതായിട്ടുണ്ട്. ഇന്റർനാഷണൽ മോണിറ്ററിങ് ഫണ്ട് (ഐഎംഎഫ്), വേൾഡ് ബാങ്ക് എന്നിവയെ ഉടച്ച് വാർക്കണം. വരുമാനം കുറഞ്ഞ രാജ്യങ്ങൾക്ക് ഉപാധിരഹിത വായ്പകൾ നൽകണം. സുസ്ഥിര വികസന ലക്ഷ്യങ്ങൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് രാജ്യങ്ങൾക്ക് ഗ്രാൻഡ് നൽകണം. ഡാറ്റാ ശേഖരണത്തിൽ രാജ്യങ്ങൾ ഏകാത്മകത പുലർത്തണം. സുസ്ഥിര വികസന ലക്ഷ്യങ്ങൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ തദ്ദേശീയ പങ്കാളിത്തം ഉറപ്പുവരുത്തണം. 2026 നെ നിർമിതബുദ്ധി പക്വത നേടുന്ന വർഷം എന്നാണ് വിശേഷിപ്പിക്കുന്നത്. കൂടാതെ 2026 ഹൈഡ്രജൻ ഏകീകരണത്തിന്റെ വർഷവുമാണ്. രാജ്യങ്ങൾ ഹരിത ഹൈഡ്രജൻ ഉൽപാദനം വർധിപ്പിക്കണം. ചൈന 40% ഇപ്പോൾ ഉത്പാദിപ്പിക്കുന്നുണ്ട്. ഇത് മറ്റു രാജ്യങ്ങൾ പിന്തുടരണം. 100 മണിക്കൂറിലധികം ലൈഫുള്ള ബാറ്ററികളുടെ ഉല്പാദനം ലോകത്ത് സാർവത്രികമാക്കണം. ലിഥിയം, അയൺ ഫോസ്ഫേറ്റ് ബാറ്ററികൾ കൂടുതലായി ഉത്പാദിപ്പിക്കണം.

2026 ജൂലൈയിൽ പാരീസിൽ വച്ച് നടക്കുന്ന ആഗോള നിർമിത ബുദ്ധി (AI) സമിറ്റിനെ രാജ്യങ്ങൾ

ഉറ്റു നോക്കുകയാണ്. 5-ജി സൗകര്യം 60% ജനങ്ങളിൽ എത്തിയ ഘട്ടത്തിലാണ് ഉച്ചകോടി നടക്കാൻ പോകുന്നത്. ഉപഗ്രഹത്തിലൂടെയുള്ള ഇന്റർനെറ്റ് ലഭ്യത വർദ്ധിച്ചതും AI ക്ക് പ്രചുര പ്രചാരം ലഭിച്ചതും സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പൂർത്തീകരണ ത്തിന് വേഗത വർധിപ്പിക്കും. ജനീവയിൽ വച്ച് നടന്ന ഐടിയു യോഗം എല്ലാവർക്കും ഇന്റർനെറ്റ് ഉപയോഗിക്കുന്നതിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കണമെന്ന് ആഹ്വാനം ചെയ്തു.

2026-ലെ പ്രവർത്തനത്തിന് അടിയന്തരമായി ആവശ്യമുള്ള 4 ട്രില്ല്യൺ യുഎസ് ഡോളർ കണ്ടെ ത്താൻ കഴിയാത്ത ഐക്യരാഷ്ട്രസഭക്ക് എങ്ങനെ സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടാൻ കഴിയും എന്ന ചോദ്യം ഉയരുന്നുണ്ട്. അമേരിക്കയുടെ നിസ്സഹകരണം ഐക്യരാഷ്ട്രസഭയെ വീർപ്പുമു ട്ടിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ വികസന ലക്ഷ്യങ്ങളുടെ ഭാവി പ്രവചനാതീതമായി തുടരും. നേരത്തേ നിശ്ചയിച്ച മുൻഗണനകളെയും ലക്ഷ്യ ങ്ങളെയും മാറ്റിമറിക്കുന്ന അടിയന്തര പ്രശ്ന ങ്ങളും അടിക്കടി ഉണ്ടാകുന്നുണ്ട്. ഇത് ഐക്യ രാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ (2030) നേടുന്നതിൽ അനിശ്ചിതത്വം സൃഷ്ടിക്കുന്നു.





# ഭാവി തലമുറകൾക്കായി

2024 സെപ്റ്റംബർ 22, 23 തീയതികളിൽ ഐക്യരാഷ്ട്രസഭയുടെ ആസ്ഥാനത്ത് നടന്ന 'സമിറ്റ് ഓഫ് ദി ഫ്യൂച്ചറിൽ' ഒത്തുചേർന്ന രാഷ്ട്രത്തലവന്മാരും സർക്കാർ പ്രതിനിധികളും ഭാവിതലമുറകൾക്കു വേണ്ടിയുള്ള ഒരു വികസന കാഴ്ചപ്പാട് അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തി. 2030ലേക്കുള്ള സുസ്ഥിര വികസന അജണ്ടയോടുള്ള ലോക സമൂഹത്തിന്റെ പ്രതിബദ്ധത ഉറപ്പിക്കുന്ന മാർഗനിർദേശക തത്ത്വങ്ങൾ, തീരുമാനങ്ങൾ, നടപടികൾ എന്നിവ ഈ ഉന്നതതല യോഗത്തിൽ പ്രഖ്യാപിച്ചു.



## മാർഗ്ഗനിർദേശക തത്വങ്ങൾ

വരും തലമുറകൾക്കായി മികച്ചൊരു ഭാവി കരുതി വെക്കാനും, ആരെയും പിന്നിലാക്കാതെ ഭാവി തലമുറകളുടെ ആവശ്യങ്ങളെ സംരക്ഷിച്ചുകൊണ്ട് ഇന്നത്തെ ആവശ്യങ്ങൾ നിറവേറ്റാനുമുള്ള ഉത്തരവാദിത്തം നിറവേറ്റുന്നതിനായി ഞങ്ങൾ താഴെ പറയുന്ന മാർഗ്ഗനിർദ്ദേശ തത്വങ്ങൾ പാലിക്കും:

- ഐക്യരാഷ്ട്രസഭയുടെ ചാർട്ടറിന്റെ ലക്ഷ്യങ്ങൾക്കും തത്വങ്ങൾക്കും അനുസൃതമായി അന്താരാഷ്ട്ര സമാധാനവും സുരക്ഷയും അന്താരാഷ്ട്ര നിയമത്തോടുള്ള പൂർണ്ണമായ ആദരവും പ്രോത്സാഹിപ്പിക്കണം.
- സിവിൽ, രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക, സാംസ്കാരിക അവകാശങ്ങൾ ഉൾപ്പെടെ മനുഷ്യാവകാശങ്ങളും മൗലിക സ്വാതന്ത്ര്യങ്ങളും വിവേചനമില്ലാതെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. വികസനത്തിനുള്ള അവകാശവും ഇതിൽ ഉൾപ്പെടുന്നു.
- ദാരിദ്ര്യം, വിശപ്പ്, അസമത്വം, അനീതി എന്നിവ തലമുറകളിലേക്ക് പകരുന്നത് ഇല്ലാതാക്കി ഭാവി തലമുറകൾക്ക് അഭിവൃദ്ധി പ്രാപിക്കാനും സുസ്ഥിര വികസനം കൈവരിക്കാനുമുള്ള അവസരം ഉറപ്പാക്കണം. ആഫ്രിക്കൻ രാജ്യങ്ങൾ, വികസ്വര രാജ്യങ്ങൾ, കരയാൽ ചുറ്റപ്പെട്ട രാജ്യങ്ങൾ, ചെറുകിട ദ്വീപ് രാജ്യങ്ങൾ എന്നിവ നേരിടുന്ന പ്രത്യേക വെല്ലുവിളികളെ അംഗീകരിക്കണം.
- തലമുറകൾ തമ്മിലുള്ള ഐക്യദാർഢ്യവും സംവാദവും സാമൂഹിക ഐക്യവും ഭാവി തലമുറകളുടെ അഭിവൃദ്ധിയുടെ അനിവാര്യമായ അടിത്തറയാണ്. ഇക്കാര്യത്തിൽ കുടുംബങ്ങളുടെ പങ്കും കുടുംബസൗഹൃദ നയങ്ങളും സുസ്ഥിര വികസനത്തിന് നൽകുന്ന സംഭാവനകളും അംഗീകരിക്കണം.
- ശുദ്ധവും ആരോഗ്യകരവും സുസ്ഥിരവുമായ പരിസ്ഥിതി സൃഷ്ടിക്കണം. മനുഷ്യൻ പ്രകൃതിയുമായി ഇണങ്ങി ജീവിക്കുന്ന സാഹചര്യം ഒരുക്കുന്നതിനായി കാലാവസ്ഥാ വ്യതിയാനത്തിന്റെ കാരണങ്ങളും ആഘാതങ്ങളും അടിയന്തരമായി പരിഹരിക്കുകയും പരിസ്ഥിതി സംരക്ഷണത്തിനായുള്ള കൂട്ടായ പ്രവർത്തനം ശക്തിപ്പെടുത്തുകയും വേണം.
- ശാസ്ത്രം, സാങ്കേതികവിദ്യയുടെ നവീകരണം എന്നിവയുടെ ഉത്തരവാദിത്തമുള്ളതും ധാർമ്മികവുമായ ഉപയോഗം പ്രോത്സാഹിപ്പിക്കണം. രാജ്യങ്ങൾക്കിടയിലുള്ള ഡിജിറ്റൽ വിഭജനം നികത്തി സമത്വത്തിലും ഐക്യദാർഢ്യത്തിലും അധിഷ്ഠിതമായ ഒരു അന്തരീക്ഷം സൃഷ്ടിക്കണം.
- ലിംഗസമത്വം കൈവരിക്കുക, സ്ത്രീകളെയും പെൺകുട്ടികളെയും ശാക്തീകരിക്കുക, തങ്ങളുടെ മനുഷ്യാവകാശങ്ങൾ വിവേചനമില്ലാതെ ആസ്വദിക്കാൻ അവരെ അനുവദിക്കുക എന്നിവ സുസ്ഥിരമായ ഭാവിക്ക് അത്യാവശ്യമാണ്.



- ഭിന്നശേഷിക്കാർക്ക് സമൂഹത്തിൽ തുല്യ പങ്കാളിത്തം ഉറപ്പാക്കുന്നതും തീരുമാനമെടുക്കുന്ന പ്രക്രിയകളിൽ അവരെ ഉൾപ്പെടുത്തുന്നതും ആരും പിന്നിലാക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കാൻ നിർണ്ണായകമാണ്.
- വംശീയത, വംശീയ വിവേചനം, വിദേശികളോടുള്ള ഭയം (xenophobia) എന്നിവ ഇല്ലാതാക്കുന്നതും വംശീയ സമത്വം കൈവരിക്കുന്നതും സമൃദ്ധമായ ഭാവിക്ക് ആവശ്യമാണ്.
- അന്താരാഷ്ട്ര ഐക്യദാർഢ്യവും സഹകരണവും ശക്തിപ്പെടുത്തുന്നതിനും വിശ്വാസം കെട്ടിപ്പടുക്കുന്നതിനും മനുഷ്യ അന്തസ്സ് ഉറപ്പാക്കുന്ന സുരക്ഷിതവും നീതിയുക്തവുമായ ലോകം സൃഷ്ടിക്കുന്നതിനും സുതാര്യവും ഫലപ്രദവുമായ ബഹുമുഖ സംവിധാനം അത്യന്താപേക്ഷിതമാണ്.

## പ്രതിജ്ഞാബദ്ധതകൾ

ഈ തത്വങ്ങളുടെ അടിസ്ഥാനത്തിൽ ഞങ്ങൾ താഴെ പറയുന്നവ വാഗ്ദാനം ചെയ്യുന്നു:

- അന്താരാഷ്ട്ര സ്ഥിരതയും സമാധാനവും സുരക്ഷയും പ്രോത്സാഹിപ്പിക്കുക. തർക്കങ്ങളും പ്രതിസന്ധികളും സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ പരിഹരിക്കുക.
- രാജ്യങ്ങൾക്കിടയിലുള്ള അസമത്വങ്ങൾ പരിഹരിച്ച് സമാധാനപരവും നീതിയുക്തവുമായ സഹവർത്തിത്വം ഉറപ്പാക്കുക. വികസ്വര രാജ്യങ്ങളുടെയും ദുർബല വിഭാഗങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾ പരിഗണിക്കുക.
- ലിംഗസമത്വം കൈവരിക്കുന്നതിനും സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരായ എല്ലാ വിവേചനങ്ങളും അക്രമങ്ങളും ചൂഷണങ്ങളും ഇല്ലാതാക്കുന്നതിനും നയങ്ങൾ നടപ്പിലാക്കുക. എല്ലാ മേഖലകളിലും നേതൃസ്ഥാനങ്ങളിൽ സ്ത്രീകളുടെ തുല്യ പങ്കാളിത്തം ഉറപ്പാക്കുക. ചരിത്രപരവും ഘടനാപരവുമായ എല്ലാ അസമത്വങ്ങളും ഇല്ലാതാക്കുക. ഭൂതകാല ദുരന്തങ്ങളും അവയുടെ അനന്തരഫലങ്ങളും പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുക.
- സാംസ്കാരിക വൈവിധ്യവും പൈതൃകവും സംരക്ഷിക്കുക. ഭാഷകളും അറിവുകളും പാരമ്പര്യങ്ങളും നിലനിർത്തുക. സാംസ്കാരിക പുരാവസ്തുക്കൾ അതത് രാജ്യങ്ങൾക്ക് തിരികെ നൽകുന്നതിൽ അന്താരാഷ്ട്ര സഹകരണം വർദ്ധിപ്പിക്കുക.

- തദ്ദേശീയ ജനതയുടെ (Indigenous Peoples) അവകാശങ്ങൾ, ഭൂമി, ആവാസവ്യവസ്ഥ എന്നിവ അംഗീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യുക. അവരുടെ പരമ്പരാഗത അറിവുകളും ആത്മീയ വിശ്വാസങ്ങളും കാത്തുസൂക്ഷിക്കുക. തീരുമാനമെടുക്കുന്ന പ്രക്രിയകളിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുക.
- സുസ്ഥിരമായ സാമ്പത്തിക വളർച്ച, ഭക്ഷ്യസുരക്ഷ, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവയ്ക്കായി സമഗ്രമായ പ്രവർത്തന പരിപാടികൾ നടപ്പിലാക്കുക. ദാരിദ്ര്യത്തിന്റെ 'സ്ത്രീവൽക്കരണത്തെ' (feminization of poverty) പ്രതിരോധിക്കുക.
- പരിസ്ഥിതി വെല്ലുവിളികൾ നേരിടുന്നതിന് മുൻഗണന നൽകുക. ദുരന്തസാധ്യത കുറയ്ക്കുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുക. കാലാവസ്ഥാ വ്യതിയാനത്തെ നേരിടാനുള്ള പ്രവർത്തനങ്ങൾ വേഗത്തിലാക്കുക.
- സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ പ്രയോജനപ്പെടുത്തുകയും അപകടസാധ്യതകൾ കുറയ്ക്കുകയും ചെയ്യുക. ഡിജിറ്റൽ വിടവ് നികത്താൻ ആഗോള സഹകരണം വർദ്ധിപ്പിക്കുക.
- ജനസംഖ്യാ വർദ്ധനവ്, കുറഞ്ഞ ജനനനിരക്ക്, വാർദ്ധക്യം തുടങ്ങിയ വെല്ലുവിളികൾ നേരിടുന്നതിൽ രാജ്യങ്ങൾ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുക. വികസനത്തിൽ വയോധികർ നൽകുന്ന സംഭാവനകളെ അംഗീകരിക്കുക.
- സുരക്ഷിതവും ക്രമബദ്ധവുമായ കുടിയേറ്റം ഉറപ്പാക്കുന്നതിന് രാജ്യങ്ങൾ തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുക. കുടിയേറ്റക്കാരുടെ സംഭാവനകളെ അംഗീകരിക്കുക.
- എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ നിക്ഷേപം നടത്തുക. ആജീവനാന്ത പഠനം, ഡിജിറ്റൽ സാക്ഷരത, തൊഴിലധിഷ്ഠിത പരിശീലനം എന്നിവ പ്രോത്സാഹിപ്പിക്കുക.
- ശാരീരിക-മാനസിക ആരോഗ്യത്തിനുള്ള അവകാശം സംരക്ഷിക്കുക. സാർവത്രിക ആരോഗ്യ പരിരക്ഷയും കുറഞ്ഞ ചിലവിൽ മരുന്നുകളും ലഭ്യമാക്കുക.



## നടപടികൾ

ഭാവിതലമുറയുടെ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിൽ ഗവൺമെന്റുകളുടെ പ്രാഥമിക ഉത്തരവാദിത്തം അംഗീകരിച്ചുകൊണ്ട്, താഴെ പറയുന്ന രീതിയിൽ ഈ നയങ്ങൾ നടപ്പിലാക്കും:

- ദീർഘകാല ആസൂത്രണത്തിനായി ശാസ്ത്രം, ഡാറ്റ, സ്ഥിതിവിവരക്കണക്കുകൾ എന്നിവ പ്രയോജനപ്പെടുത്തുക.
- അറിവിലേക്കും വിവരങ്ങളിലേക്കും എല്ലാവർക്കും തുല്യമായ പ്രവേശനം ഉറപ്പാക്കുക.
- ആഗോള അക്കൗണ്ടിംഗ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും ജി.ഡി.പിക്ക് അപ്പുറമുള്ള (beyond GDP) പുരോഗതിയുടെ അളവുകോലുകൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- ആഗോള പ്രതിസന്ധികൾ നേരിടാനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ നിക്ഷേപം നടത്തുകയും ദുർബല വിഭാഗങ്ങൾ അമിതഭാരം വഹിക്കേണ്ടി വരുന്നില്ലെന്ന് ഉറപ്പാക്കുകയും ചെയ്യുക.
- ഗവൺമെന്റിന്റെ എല്ലാ തലങ്ങളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള സമഗ്ര സമീപനം സ്വീകരിക്കുക.
- സിവിൽ സൊസൈറ്റി, സ്വകാര്യ മേഖല എന്നിവയുമായുള്ള സഹകരണം വർദ്ധിപ്പിക്കുക.
- ഐക്യരാഷ്ട്രസഭയെ ഇതിനായി സജ്ജമാക്കുക. ഭാവി ലക്ഷ്യമാക്കിയുള്ള ഒരു സംഘടനാ സംസ്കാരം വളർത്തുക.

# മാറുന്ന
# വികസന മുൻഗണനകൾ



ലോകത്തിന്റെ വികസന കാഴ്ചപ്പാട് മാറുകയാണ്. ക്ഷേമത്തിന്റെയും ഉൾക്കൊള്ളലിന്റെയും പാരിസ്ഥിതിക സന്തുലനത്തിന്റെയും രാഷ്ട്രങ്ങൾക്കിടയിലെ പരസ്പര സഹകരണത്തിന്റെയും തത്ത്വങ്ങൾ ഉയർത്തിപ്പിടിക്കുന്ന വികസന കാഴ്ചപ്പാടിന് കൂടുതൽ വ്യക്തത കൈവന്നിരിക്കുന്നു. എന്നാൽ, ഈ കാഴ്ചപ്പാട് പ്രാവർത്തികമാക്കുന്നത് തടയുന്ന കോർപറേറ്റ് ലാഭക്കൊതിയും പരിധിയില്ലാത്ത വിഭവചൂഷണവും പരിസ്ഥിതി നശീകരണവും രാജ്യങ്ങൾക്കിടയിലെ സംഘർഷങ്ങളും മൂർച്ഛിക്കുകയാണ്. ജനങ്ങുടെ ക്ഷേമത്തിനും സമാധാനത്തിനും ഊന്നൽ നൽകുന്ന നീതിയുക്തമായ വികസന കാഴ്ചപ്പാട് ഉയർത്തിപ്പിടിക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുകയാണ് ഐക്യരാഷ്ട്ര സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ്.

**2026 ജനുവരി 15 വ്യാഴാഴ്ച യുഎൻ ജനറൽ അസംബ്ലിയിൽ ഗുട്ടെറസ് നടത്തിയ പ്രസംഗം:**

ബഹുമാനപ്പെട്ട പ്രതിനിധികളേ,

ഏവർക്കും പുതുവത്സരാശംസകൾ. 2026-ൽ നിങ്ങൾക്കും നിങ്ങളുടെ കുടുംബാംഗങ്ങൾക്കും സമാധാനവും ആരോഗ്യവും നേരുന്നു. വരാനിരിക്കുന്ന വർഷത്തെ മുൻഗണനകൾ സെക്രട്ടറി ജനറൽ ജനറൽ അസംബ്ലിക്ക് മുന്നിൽ അവതരിപ്പിക്കുക എന്നത് നമ്മുടെ കീഴ്‌വഴക്കമാണ്. എനിക്ക് അതിനുള്ള അവസാന അവസരമാണിത്.

2026-ലെ ഓരോ ദിവസവും സഫലമാക്കുമെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പുനൽകുന്നു. സാധ്യമാണെന്ന് നമുക്കറിയാവുന്ന ആ മെച്ചപ്പെട്ട ലോകത്തിനായി തുടർന്നും പ്രവർത്തിക്കാനും പോരാടാനുമുള്ള പൂർണ്ണമായ ദൃഢനിശ്ചയത്തിലാണ് ഞാൻ.

ഈ വർഷത്തെ അജണ്ടയെക്കുറിച്ച് ജനറൽ അസംബ്ലി പ്രസിഡന്റ് ഇന്നലെ നിങ്ങളോട് വിശദീകരിച്ചിട്ടുണ്ട്. നമ്മുടെ മുന്നിൽ അടിയന്തിരമായ ഒട്ടനവധി ചുമതലകളുണ്ട് - പ്രത്യേകിച്ച് 'ഭാവിയിലേക്കുള്ള ഉടമ്പടി' (Pact for the Future), 'യുഎൻ 80' (UN80) എന്നിവയുടെ അടിസ്ഥാനത്തിൽ. അതുകൊണ്ട് ഈ അവസരം അല്പം വ്യത്യസ്തമായി ചിലത് പറയാൻ ഉപയോഗിക്കാമെന്ന് ഞാൻ കരുതുന്നു.

ഈ വർഷത്തേക്ക് മാത്രമല്ല, അതിനപ്പുറത്തേക്കും നോക്കാനും - നമ്മുടെ ലോകത്തെ രൂപപ്പെടുത്തുന്ന വലിയ ശക്തികളെയും പ്രവണതകളെയും കുറിച്ചും നാം നേരിടേണ്ടി വരുന്ന ആഴത്തിലുള്ള വെല്ലുവിളികളെക്കുറിച്ചും തുറന്നു സംസാരിക്കാനും ഞാൻ ആഗ്രഹിക്കുന്നു. ഒരു പരിശോധനാ പട്ടിക (checklist) നൽകുന്നതിന് പകരം, നമ്മുടെ പ്രവർത്തനങ്ങളെ നയിക്കേണ്ട മൂന്ന് തത്വങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആ സാഹചര്യങ്ങളെക്കുറിച്ച് പറഞ്ഞുകൊണ്ട് ഞാൻ തുടങ്ങാം.

ഇപ്പോഴത്തെ സാഹചര്യം അരാജകത്വത്തിന്റേതാണെന്ന് നമുക്ക് വ്യക്തമായി പറയാം. സംഘർഷങ്ങളും ശിക്ഷാനടപടികളില്ലാത്ത കുറ്റകൃത്യങ്ങളും അസമത്വവും പ്രവചനാതീതത്വവും കൊണ്ട് നിറഞ്ഞതാണ് നമ്മുടെ ലോകം. സ്വയം പരാജയപ്പെടുത്തുന്ന ഭൗമരാഷ്ട്രീയ ഭിന്നതകൾ. അന്താരാഷ്ട്ര നിയമങ്ങളുടെ ലംഘനങ്ങൾ, വികസന - മാനുഷിക സഹായങ്ങളിലെ വലിയ വെട്ടിക്കുറയ്ക്കലുകൾ എന്നിവയാൽ അടയാളപ്പെടുത്തപ്പെട്ട ഒരു ലോകം. ഈ ശക്തികൾ ആഗോള സഹകരണത്തിന്റെ അടിത്തറ ഇളക്കുകയും ബഹുരാഷ്ട്രവാദത്തിന്റെ (multilateralism) പ്രതിരോധശേഷിയെ തന്നെ പരീക്ഷിക്കുകയും ചെയ്യുന്നു.

നമ്മുടെ കാലഘട്ടത്തിന്റെ വൈരുദ്ധ്യം ഇതാണ്: അന്താരാഷ്ട്ര സഹകരണം ഏറ്റവും കൂടുതൽ ആവശ്യമുള്ള ഈ സമയത്ത് അക്കാര്യത്തിൽ ഏറ്റവും കുറഞ്ഞ താല്പര്യമേ നാം കാണിക്കുന്നുള്ളൂ. ചിലരാകട്ടെ, അന്താരാഷ്ട്ര സഹകരണത്തിന്റെ അന്ത്യത്തിനായി കാത്തിരിക്കുന്നു. ഞാൻ നിങ്ങൾക്ക് ഉറപ്പ് നൽകുന്നു: നമ്മൾ തോറ്റു പിന്മാറില്ല. ഗാസ, ഉക്രെയ്ൻ, സുഡാൻ എന്നിവിടങ്ങളിലും അതിനപ്പുറവും സമാധാനം സ്ഥാപിക്കുന്നതിന് നമ്മൾ പൂർണ്ണമായും പ്രതിജ്ഞാബദ്ധരാണ്. ആവശ്യക്കാർക്ക് ജീവൻരക്ഷാ സഹായം എത്തിക്കുന്നതിൽ നമ്മൾ തളരാതെ പ്രവർത്തിക്കുന്നു.

ഈ പ്രക്ഷുബ്ധാവസ്ഥയിലും, ഐക്യരാഷ്ട്രസഭയുടെ പ്രസക്തി ഉറപ്പില്ലാതിരുന്ന ഇടങ്ങളിൽ ഇടം നേടാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നിർമ്മിത ബുദ്ധിയെ (Artificial Intelligence) കുറിച്ചുള്ള ആഗോള ചർച്ചകൾക്ക് രൂപം നൽകാൻ നാം മുന്നോട്ട് വന്നിട്ടുണ്ട് - ഈ ശക്തമായ സാങ്കേതികവിദ്യ മാനവരാശിയെ സേവിക്കണമെന്നും മനുഷ്യ അന്തസ്സ് ഉയർത്തിപ്പിടിക്കണമെന്നും നാം നിർബന്ധം പിടിക്കുന്നു. വികസനത്തിനായി നീതിയുക്തവും സുസ്ഥിരവുമായ ധനസഹായം ഉറപ്പാക്കുന്നതിനുള്ള ശ്രമങ്ങളുടെ മുൻനിരയിൽ നാം നിൽക്കുന്നു. ഒരു രാജ്യവും പിന്നിലാകാതിരിക്കാൻ പരിഷ്കാരങ്ങൾക്കും പുതിയ സംവിധാനങ്ങൾക്കുമായി നാം സമ്മർദ്ദം ചെലുത്തുന്നു. കാലാവസ്ഥാ പ്രവർ



ത്തനത്തിന്റെ അടിയന്തിര ആവശ്യകതയെക്കുറിച്ച് നാം ശബ്ദമുയർത്തി. സർക്കാരുകളെയും ബിസിനസ്സുകളെയും സിവിൽ സമൂഹത്തെയും ഒരുമിപ്പിക്കാൻ നാം പ്രവർത്തിച്ചു. എല്ലായിടത്തും, ഏറ്റവും ദുർബലരായ ജനങ്ങളുടെയും രാജ്യങ്ങളുടെയും ആവശ്യങ്ങളിലേക്ക് ശ്രദ്ധ തിരിക്കാൻ നാം ശ്രമിച്ചിട്ടുണ്ട്. ഈ വർഷം ഈ മേഖലകളിലും അതിലധികവും നാം മുന്നോട്ട് പോകും. അടുത്ത ഏതാനും ആഴ്ചകൾക്കുള്ളിൽ തന്നെ നാം ഇവ ചെയ്യും: എഐയുടെ അവസരങ്ങൾ, അപകടസാധ്യതകൾ, ആഘാതങ്ങൾ എന്നിവയെക്കുറിച്ച് നിഷ്പക്ഷമായ വിലയിരുത്തലുകൾ നൽകുന്നതിന് കൃത്രിമബുദ്ധി സംബന്ധിച്ച സ്വതന്ത്ര ശാസ്ത്ര പാനൽ ആരംഭിക്കും. പുരോഗതിയെയും ക്ഷേമത്തെയും അളക്കുന്നതിനും ഭൂമിക്കും മനുഷ്യർക്കും യഥാർത്ഥത്തിൽ പ്രാധാന്യമുള്ളവ പ്രതിഫലിപ്പിക്കുന്നതിനും ജി.ഡി.പി.ക്ക് അപ്പുറമുള്ള (Beyond GDP) പുരോഗതി സംബന്ധിച്ച ഉന്നതതല വിദഗ്ധ സമിതിയുടെ ശുപാർശകൾ സമർപ്പിക്കും. ഐക്യരാഷ്ട്രസഭയെ ഭാവിയിലേക്ക് സജ്ജമാക്കുന്നതിനുള്ള നിരന്തരമായ സംവാദത്തിനും സഹകരണത്തിനുമായി 'UN80' സംരംഭത്തെക്കുറിച്ച് പ്രതിമാസ യോഗങ്ങൾ ആരംഭിക്കും. നമ്മുടെ വികസന പ്രവർത്തനങ്ങളിൽ കാര്യക്ഷമതയും ഏകോപനവും വർദ്ധിപ്പിക്കുന്നതിന് UNDP-യെ UNOPS-മായും UNWomen-നെ UNFPA-യുമായും ലയിപ്പിക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ചുള്ള പ്രാഥമിക വിലയിരുത്തലുകൾ അവതരിപ്പിക്കും. ഇന്നത്തെ സങ്കീർണ്ണമായ വെല്ലുവിളികളെ നേരിടാൻ തക്കവണ്ണം സമാധാന പരിപാലന പ്രവർത്തനങ്ങൾ (Peace operations) കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള അവലോകനം നടത്തും. ഇവ വരാനിരിക്കുന്ന ചില നടപടികളുടെ ചെറിയ സൂചനകൾ മാത്രമാണ്. എല്ലാ മേഖലകളിലും നാം പൂർണ്ണ വേഗതയിൽ മുന്നോട്ട് പോവുകയാണ്.

വലിയ മാറ്റങ്ങളുടെ കാലത്താണ് നാം പ്രവർത്തിക്കുന്നത് – ലോകത്തെ അതിന്റെ യഥാർത്ഥ അവസ്ഥയിൽ നാം മനസ്സിലാക്കേണ്ടതുണ്ട്. തടസ്സങ്ങൾ എപ്പോഴും വിനാശകരമാകണമെന്നില്ല. അവ നിർമ്മാണാത്മകമായ ഒരു ശക്തിയുമാകാം. വിഭവങ്ങൾ



**ലോകത്തിലെ ഏറ്റവും സമ്പന്നരായ ഒരു ശതമാനം ആളുകൾ ആഗോള സാമ്പത്തിക ആസ്തികളുടെ 43 ശതമാനവും കൈവശം വയ്ക്കുന്നു. കഴിഞ്ഞ വർഷം മാത്രം, ഏറ്റവും ധനികരായ 500 വ്യക്തികൾ തങ്ങളുടെ സമ്പത്തിലേക്ക് 2.2 ട്രില്യൺ ഡോളർ കൂടി കൂട്ടിച്ചേർത്തു. അതിസമ്പന്നരും അവർ നിയന്ത്രിക്കുന്ന കമ്പനികളും മുമ്പെങ്ങുമില്ലാത്തവിധം തീരുമാനങ്ങൾ എടുക്കുന്നത് നാം കാണുന്നു**

കുറയുകയും ആവശ്യങ്ങൾ കൂടുകയും ചെയ്യുന്ന യാഥാർത്ഥ്യത്തിനിടയിൽ കൂടുതൽ ഫലപ്രദമായും ഏകോപനത്തോടെയും പ്രവർത്തിക്കുന്ന ഒരു യുഎൻ സംവിധാനം കെട്ടിപ്പടുക്കുന്നതിനാണ് 'UN80' സംരംഭം ലക്ഷ്യമിടുന്നത്. അതെ, പരിഷ്കരണം എന്നത് വിഭവങ്ങളെക്കുറിച്ചുകൂടിയാണ് – വിഭവങ്ങൾ ഫലപ്രദമായും കാര്യക്ഷമമായും ഉപയോഗിക്കാൻ കഴിയണം. പരിഷ്ക്കരണം സ്പ്രെഡ്ഷീറ്റിലെ അക്കങ്ങൾ മാത്രമാകരുത്. ഇന്നത്തെ ലോകത്തെ പ്രതിഫലിപ്പിക്കുന്ന സ്ഥാപനങ്ങളും പരിഷ്ക്കരണത്തിന് വിധേയമാകണം. 1945-ലെ പ്രശ്നപരിഹാര രീതികൾ 2026-ലെ പ്രശ്നങ്ങൾ പരിഹരിക്കില്ല. ഘടനകൾ നമ്മുടെ കാലത്തെയോ ലോകത്തെയോ യാഥാർത്ഥ്യങ്ങളെയോ പ്രതിഫലിപ്പിക്കുന്നില്ലെങ്കിൽ അവയ്ക്ക് വിശ്വാസ്യത നഷ്ടപ്പെടും.

ഈ വസ്തുതകൾ പരിഗണിക്കുക:

ഓരോ ദിവസവും വികസിത സമ്പദ്വ്യവസ്ഥകളുടെ ആഗോള ജിഡിപി വിഹിതം കുറഞ്ഞുവരികയാണ്. ഓരോ ദിവസവും സമ്പദ്വ്യവസ്ഥകൾ വലുപ്പത്തിലും കരുത്തിലും സ്വാധീനത്തിലും വളരുന്നു. ഓരോ ദിവസവും തെക്കൻ രാജ്യങ്ങൾ തമ്മിലുള്ള വ്യാപാരം വടക്കൻ രാജ്യങ്ങൾ തമ്മിലുള്ള വ്യാപാരത്തെ പിന്നിലാക്കുന്നതിലേക്ക് കൂടുതൽ കൂടുതൽ മുന്നേറുന്നു. നമ്മുടെ ഘടനകൾ മാറുന്ന ലോകത്തെ പ്രതിഫലിപ്പിക്കണം.

അതുകൊണ്ട് അന്താരാഷ്ട്ര സാമ്പത്തിക, വ്യാപാര സ്ഥാപനങ്ങളുടെ പരിഷ്കരണം പ്രധാനമെന്നു മാത്രമല്ല അത്യാവശ്യവുമാണ്. സുരക്ഷാ കൗൺസിലിന്റെ കാര്യവും ഇതുതന്നെയാണ്. കൂടുതൽ അധികാരമുള്ളവർ പരിഷ്കരണത്തിന്റെ മുൻനിരയിൽ നിൽക്കുന്നത് അവരുടെ തന്നെ താല്പര്യം സംരക്ഷിക്കാനാണെന്ന് ഞാൻ കൂട്ടിച്ചേർക്കും. ഇന്ന് ആനുകൂല്യങ്ങളിൽ മുറുകെ പിടിക്കാൻ ശ്രമിക്കുന്നവർ നാളെ അതിന്റെ വില നൽകേണ്ടിവരും. അതുകൊണ്ട് നാമെല്ലാവരും മാറാൻ ധൈര്യം കാണിക്കണം. ലോകം കാത്തിരിക്കുകയില്ല, നാമും കാത്തിരിക്കരുത്.



ശരിയായ ദിശ കണ്ടെത്തി വേണം നാം പരിഷ്കാരങ്ങളുമായി മുന്നോട്ട് പോകാൻ. നമ്മുടെ എല്ലാ പ്രവർത്തനങ്ങളുടെയും അടിസ്ഥാനമാകേണ്ട മൂന്ന് തത്വങ്ങളിലേക്ക് ഞാൻ ഇതിനെ ചുരുക്കട്ടെ: ഒന്നാമതായി, നാം യുഎൻ ചാർട്ടർ പൂർണ്ണമായും വിശ്വസ്തതയോടെയും പാലിക്കണം. ഇതിൽ ഒഴികഴിവുകളില്ല. ചാർട്ടർ നമ്മെ എല്ലാവരെയും ഒന്നിപ്പിക്കുന്ന ഒരു ഉടമ്പടിയാണ്. ഇതൊരു 'à la carte menu' അല്ല, ഇതൊരു 'prix fixe' ആണ്. (തിരഞ്ഞെടുക്കാവുന്ന ഒന്നല്ല, പൂർണ്ണമായി പാലിക്കേണ്ട ഒന്നാണ്).

അന്താരാഷ്ട്ര ബന്ധങ്ങളുടെ അടിസ്ഥാനമാണ് ചാർട്ടർ – സമാധാനത്തിന്റെയും സുസ്ഥിര വികസനത്തിന്റെയും മനുഷ്യാവകാശങ്ങളുടെയും ആധാരശിലയാണത്. ചാർട്ടറിന്റെ സംരക്ഷകനായി സേവനമനുഷ്ഠിക്കുന്നതിൽ ഞാൻ അഭിമാനിക്കുന്നു. എന്നാൽ നിങ്ങളിൽ ഓരോരുത്തരും ചാർട്ടറിന്റെ സംരക്ഷകരാകാൻ ഒപ്പിട്ടവരാണ്.

നേതാക്കൾ അന്താരാഷ്ട്ര നിയമങ്ങളെ അവഗണിക്കുമ്പോൾ – ഏത് നിയമങ്ങൾ പാലിക്കണമെന്ന് അവർ സ്വയം തിരഞ്ഞെടുക്കുമ്പോൾ – അവർ ആഗോള ക്രമത്തെ തകർക്കുക മാത്രമല്ല ചെയ്യുന്നത്, മറിച്ച് അപകടകരമായ ഒരു മാതൃക സൃഷ്ടിക്കുക കൂടിയാണ്. നമുക്ക് വ്യക്തമായി പറയാം: അന്താരാഷ്ട്ര നിയമങ്ങളുടെ തകർച്ച ഇരുട്ടിലല്ല സംഭവിക്കുന്നത്. അത് ലോകത്തിന്റെ കൺമുന്നിൽ, നമ്മുടെ സ്ക്രീനുകളിൽ, തത്സമയം 4K-യിൽ തെളിയുകയാണ്.

ശിക്ഷാനടപടികളില്ലാതെ നടത്തുന്ന കുറ്റകൃത്യ

## UN 80

ഇരുപത്തൊന്നാം നൂറ്റാണ്ടിലെ പ്രശ്നങ്ങൾക്ക് കൂടുതൽ ഫലപ്രദമായി പരിഹാരം കാണാൻ സാധിക്കുന്ന വിധത്തിൽ ഐക്യരാഷ്ട്രസഭയെ മാറ്റിയെടുക്കാനുള്ള പ്രവർത്തന പദ്ധതിയാണ്

UN80. ഐക്യരാഷ്ട്രസഭയുടെ (United Nations) 80-ാം വാർഷികത്തോടനുബന്ധിച്ച് 2025 മാർച്ച് മാസത്തിൽ യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് ഈ പദ്ധതിക്ക് തുടക്കം കുറിച്ചു. യുഎൻ 80 പദ്ധതിയുടെ പ്രധാന ഭാഗങ്ങൾ താഴെ പറയുന്നവയാണ്:

സംഘടനാപരമായ കാര്യക്ഷമത (Internal Efficiency): ഐക്യരാഷ്ട്രസഭയുടെ പ്രവർത്തനച്ചെലവ് കുറയ്ക്കുകയും അനാവശ്യ തസ്തികകൾ ഒഴിവാക്കി സംഘടനയെ കൂടുതൽ ചടുലവും കാര്യക്ഷമവുമാക്കുകയും ചെയ്യുക.

മാൻഡേറ്റ് റിവ്യൂ (Mandate Review): ഐക്യരാഷ്ട്രസഭ നിലവിൽ നടപ്പിലാക്കുന്ന അയ്യായിരത്തോളം പ്രവർത്തനങ്ങളെ (Mandates) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) പോലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പുനഃപരിശോധിക്കുക. ഇതിലൂടെ കാലഹരണപ്പെട്ടതോ ആവർത്തന സ്വഭാവമുള്ളതോ ആയ പ്രവർത്തനങ്ങൾ ഒഴിവാക്കാൻ സാധിക്കും.

ഘടനാപരമായ മാറ്റങ്ങൾ (Structural Reforms): യുഎന്നിലെ വിവിധ ഏജൻസികളെ കൂട്ടിയോജിപ്പിക്കുകയോ പുനസംഘടിപ്പിക്കുകയോ ചെയ്യുന്നതിലൂടെ കൂടുതൽ ഒത്തിണക്കത്തോടെ പ്രവർത്തിക്കാൻ സജ്ജമാക്കുക.

സുതാര്യതയും ഉത്തരവാദിത്തവും: തീരുമാനങ്ങൾ എടുക്കുന്നതിൽ വികേന്ദ്രീകരണം കൊണ്ടുവരികയും സാമ്പത്തിക ഇടപാടുകളിൽ കൂടുതൽ സുതാര്യത ഉറപ്പാക്കുകയും ചെയ്യുക.

# മൊത്തവരുമാനത്തിനപ്പുറം

രാജ്യങ്ങളുടെ സാമ്പത്തിക പുരോഗതി അളക്കാൻ നിലവിൽ ഉപയോഗിക്കുന്ന മൊത്ത ആഭ്യന്തര ഉൽപ്പാദനം (GDP) എന്ന അളവുകോലിന് പകരമായോ അല്ലെങ്കിൽ അതിന് അനുബന്ധമായോ പുതിയ മാനദണ്ഡങ്ങൾ രൂപീകരിക്കാൻ ഐക്യരാഷ്ട്രസഭ (UN) രൂപീകരിച്ച സമിതിയാണ് Beyond GDP ഉന്നതതല വിദഗ്ധ സമിതി. കേവലം സാമ്പത്തിക ഇടപാടുകളിൽ (GDP) ഒതുങ്ങിനിൽക്കാതെ, പരിസ്ഥിതി സംരക്ഷണം, ജനങ്ങളുടെ ക്ഷേമം, ആരോഗ്യം, ലിംഗസമത്വം, സുസ്ഥിര വികസനം തുടങ്ങിയ ഘടകങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതിയൊരു അളവുകോൽ വികസിപ്പിക്കുകയാണ് ഈ സമിതിയുടെ ലക്ഷ്യം.

2024 സെപ്റ്റംബറിൽ നടന്ന 'പാക്റ്റ് ഫോർ ദ ഫ്യൂച്ചർ' (Pact for the Future) ഉച്ചകോടിയാണ് ഈ സമിതിക്ക് അംഗീകാരം നൽകിയത്. 2025 മെയിൽ യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് ഈ സമിതിയെ (High-Level Expert Group - HLEG) ഔദ്യോഗികമായി നിയമിച്ചു. ലോകപ്രശസ്തരായ സാമ്പത്തിക വിദഗ്ധർ ഉൾപ്പെടുന്ന ഈ സംഘം, അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കാവുന്നതും സുസ്ഥിര വികസനത്തിന് സഹായിക്കുന്നതുമായ പുതിയ മാനദണ്ഡങ്ങൾ ശുപാർശ ചെയ്യും. ജിഡിപി വർദ്ധിക്കുമ്പോൾ പരിസ്ഥിതി മലിനീകരണമോ സാമൂഹിക അസമത്വമോ വർദ്ധിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ ഈ പുതിയ രീതി സഹായിക്കും. 'മൂല്യമുള്ള കാര്യങ്ങളെ വിലമതിക്കുക' (Valuing What Counts) എന്നതാണ് ഇതിന്റെ അടിസ്ഥാന ദർശനം.



ങ്ങളുടെ അനന്തരഫലങ്ങൾക്ക് ലോകമെമ്പാടുമുള്ള ആളുകൾ സാക്ഷികളാകുന്നു – നിയമവിരുദ്ധമായ ബലപ്രയോഗം; സിവിലിയന്മാർക്കും മാനുഷിക പ്രവർത്തകർക്കും യുഎൻ ഉദ്യോഗസ്ഥർക്കും നേരെയുള്ള ആക്രമണങ്ങൾ; ഭരണഘടന വിരുദ്ധമായ ഭരണ മാറ്റങ്ങൾ; മനുഷ്യാവകാശങ്ങൾ ചവിട്ടിമെതിക്കൽ; വിയോജിപ്പുകളെ അടിച്ചമർത്തൽ; വിഭവങ്ങൾ കൊള്ളയടിക്കൽ. ഇവയുടെ പ്രത്യാഘാതങ്ങൾ രാജ്യങ്ങളിലോ യുദ്ധം ചെയ്യുന്ന കക്ഷികളിലോ അവസാനിക്കുന്നില്ല. അവ അത്യാഗ്രഹവും അസമത്വവും വർദ്ധിപ്പിക്കുന്നു.

ലോകത്തിലെ ഏറ്റവും സമ്പന്നരായ ഒരു ശതമാനം ആളുകൾ ആഗോള സാമ്പത്തിക ആസ്തികളുടെ 43 ശതമാനവും കൈവശം വയ്ക്കുന്നു. കഴിഞ്ഞ വർഷം മാത്രം, ഏറ്റവും ധനികരായ 500 വ്യക്തികൾ തങ്ങളുടെ സമ്പത്തിലേക്ക് 2.2 ട്രില്യൺ ഡോളർ കൂടി കൂട്ടിച്ചേർത്തു. അതിസമ്പന്നരും അവർ നിയന്ത്രിക്കുന്ന കമ്പനികളും മുമ്പെങ്ങുമില്ലാത്തവിധം തീരുമാനങ്ങൾ എടുക്കുന്നത് നാം കാണുന്നു – സമ്പദ് വ്യവസ്ഥകൾക്കും വിവരങ്ങൾക്കും നമ്മെ ഭരിക്കുന്ന നിയമങ്ങൾക്കും മേൽ പോലും അവർ വലിയ സ്വാധീനം ചെലുത്തുന്നു. ഒരുപിടി വ്യക്തികൾക്ക് ആഗോള ധാരണകളെ വളച്ചൊടിക്കാനോ തെരഞ്ഞെടുപ്പുകളെ സ്വാധീനിക്കാനോ പൊതുചർച്ചകളുടെ നിബന്ധനകൾ നിശ്ചയിക്കാനോ കഴിയുമ്പോൾ അസമത്വം മാത്രമല്ല സ്ഥാപനങ്ങളുടെയും നാം പങ്കിട്ട മൂല്യങ്ങളുടെയും തകർച്ച കൂടിയാണ് നാം നേരിടുന്നത്.

നിർമ്മിത ബുദ്ധിയിലേക്കും നമ്മുടെ ജീവിതത്തെ രൂപപ്പെടുത്തുന്ന അൽഗോരിതങ്ങളിലേക്കും നോക്കൂ. ഇവ ഏതാനും കമ്പനികളാൽ മാത്രം നിയന്ത്രിക്കപ്പെടാനോ ധനസമ്പാദനത്തിനായി ഉപയോഗിക്കാനോ ഉള്ളതല്ല. ഉദാഹരണത്തിന്, അൽഗോരിതത്തിന്റെ സ്വേച്ഛാധിപത്യത്തിൽ നിന്ന് നമ്മുടെ കുട്ടികളെ എങ്ങനെ സംരക്ഷിക്കും? സാങ്കേതികവിദ്യ മനുഷ്യനെ നയിക്കുന്നതിന് പകരം മനുഷ്യൻ സാങ്കേതികവിദ്യയെ നയിക്കുന്നുവെന്ന് നാം ഉറപ്പാക്കണം.

എഐ സംബന്ധിച്ച സ്വതന്ത്ര ശാസ്ത്ര പാനലിനും എഐ ഗവേണൻസ് സംബന്ധിച്ച ആഗോള സംവാദത്തിനും നിങ്ങൾ നൽകുന്ന പിന്തുണയ്ക്ക് നന്ദി. ഉത്തരവാദിത്തം, പങ്കിട്ട മാന

ദണ്ഡങ്ങൾ, എഐ വിടവ് നികത്താനുള്ള കഴിവ് എന്നിവ കെട്ടിപ്പടുക്കുന്നതിന് നാം തുടർന്നും പ്രവർത്തിക്കണം. അധികാരവും സമ്പത്തും ഇത്ര കുറച്ചുപേരുടെ കൈകളിൽ കേന്ദ്രീകരിക്കുന്നത് ധാർമ്മികമായി ന്യായീകരിക്കാനാവില്ല. അതിലുപരിയായി, ഇത് ചാർട്ടറിനും എല്ലാവർക്കും തുല്യ അവകാശങ്ങളും അന്തസ്സും എന്ന വാഗ്ദാനത്തിനും നേരെയുള്ള വ്യക്തമായ ഭീഷണിയാണ്.

രണ്ടാമതായി, നീതിയോടുകൂടിയ സമാധാനത്തിനായി നാം അശ്രാന്തമായി പ്രവർത്തിക്കണം. രാഷ്ട്രങ്ങൾ തമ്മിലുള്ള സമാധാനവും പ്രകൃതിയുമായുള്ള സമാധാനവും പ്രധാനമാണ്. നമ്മുടെ എല്ലാ പ്രവർത്തനങ്ങളുടെയും ഹൃദയഭാഗത്താണ് സമാധാനം. എന്നിട്ടും ഇന്ന് നാം സമ്മേളിക്കുമ്പോൾ, സംഘർഷങ്ങളുടെ കെണിയിൽ പെട്ട് ദശലക്ഷക്കണക്കിന് ആളുകൾ അക്രമത്തിന്റെയും പട്ടിണിയുടെയും പലായനത്തിന്റെയും ദുസ്സഹമായ ചക്രങ്ങളിൽ അകപ്പെട്ടിരിക്കുകയാണ്.

ഈ ദുരിതം തുടരാനാവില്ല. ഗാസയിൽ അമേരിക്ക പ്രഖ്യാപിച്ച വെടിനിർത്തലിന്റെ രണ്ടാം ഘട്ടത്തിന്റെ തുടക്കത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. മാനുഷിക സഹായം തടസ്സമില്ലാതെ ഒഴുകണമെന്നും വെടിനിർത്തൽ പൂർണ്ണമായി നടപ്പിലാക്കണമെന്നും അന്താരാഷ്ട്ര നിയമങ്ങൾക്കനുസൃതമായി ദ്വിരാഷ്ട്ര പരിഹാരത്തിലേക്ക് (two-state solution) വഴിതുറക്കണമെന്നും ഞാൻ ആവർത്തിക്കുന്നു.

ഉക്രെയ്നിൽ പോരാട്ടം അവസാനിപ്പിക്കാനും യുഎൻ ചാർട്ടറിനും അന്താരാഷ്ട്ര നിയമങ്ങൾക്കും അനുസൃതമായി നീതിയുക്തവും ശാശ്വതവുമായ സമാധാനം കൈവരിക്കാനും നാം എല്ലാ ശ്രമങ്ങളും നടത്തണം. സുഡാനിൽ ശത്രുത ഉടൻ അവസാനിപ്പിക്കുന്നതിനും ശാശ്വതമായ വെടിനിർത്തലിനും സമഗ്രമായ രാഷ്ട്രീയ പ്രക്രിയയ്ക്കും വേണ്ടി ചർച്ചകൾ പുനരാരംഭിക്കുന്നതിനും കക്ഷികൾ സമ്മതിക്കണം. സിവിലിയന്മാർ സംരക്ഷിക്കപ്പെടണം.

## ഭാവിയിലേക്കുള്ള ഉടമ്പടി

ലോകരാജ്യങ്ങൾ തമ്മിലുള്ള സഹകരണം മെച്ചപ്പെടുത്തി വരാനിരിക്കുന്ന വെല്ലുവിളികളെ ഒത്തൊരുമിച്ച് നേരിടാനുള്ള ഒരു 'ആഗോള മാർഗ്ഗരേഖ'യാണ് 'ഭാവിയിലേക്കുള്ള ഉടമ്പടി' (Pact for the Future). 2024 സെപ്റ്റംബറിൽ ന്യൂയോർക്കിൽ നടന്ന 'സമ്മിറ്റ് ഓഫ് ദി ഫ്യൂച്ചർ' (Summit of the Future) എന്ന ഉച്ചകോടിയിലാണ് ഇത് അംഗീകരിക്കപ്പെട്ടത്. ഈ ഉടമ്പടിയുടെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്:

- സുസ്ഥിര വികസനം: ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാനും കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാനുമുള്ള നടപടികൾ വേഗത്തിലാക്കുക.
- ഡിജിറ്റൽ സഹകരണം: നിർമ്മിത ബുദ്ധി (AI) ഉൾപ്പെടെയുള്ള സാങ്കേതികവിദ്യകൾ എല്ലാവർക്കും സുരക്ഷിതമായും ഗുണകരമായും ലഭ്യമാക്കുക (ഗ്ലോബൽ ഡിജിറ്റൽ കോംപാക്ട്).
- ആഗോള സമാധാനം: യുദ്ധങ്ങളും സംഘർഷങ്ങളും ഒഴിവാക്കി ആഗോള സുരക്ഷ ഉറപ്പാക്കാൻ അന്താരാഷ്ട്ര നിയമങ്ങൾ ശക്തമാക്കുക.
- യുഎൻ പരിഷ്കരണം: മാറുന്ന ലോകത്തിനനുസരിച്ച് ഐക്യരാഷ്ട്രസഭയുടെ പ്രവർത്തനങ്ങളിലും സുരക്ഷാ കൗൺസിലിലും ആവശ്യമായ മാറ്റങ്ങൾ വരുത്തുക.
- ഭാവി തലമുറ: വരാനിരിക്കുന്ന തലമുറകൾക്ക് മെച്ചപ്പെട്ട ലോകം ഉറപ്പാക്കുന്നതിനായി നിലവിലുള്ള പ്രശ്നങ്ങൾക്ക് ദീർഘകാല പരിഹാരങ്ങൾ കണ്ടെത്തുക.



# സെവിയ്യ ഉടമ്പടി

സുസ്ഥിര വികസനത്തിനായുള്ള (Sustainable Development Goals - SDGs) ഫണ്ട് സ്വരൂപിക്കുന്നതിനും ആഗോള സാമ്പത്തിക വ്യവസ്ഥയിൽ പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതിനുമായി ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ രൂപീകരിച്ച ഒരു സുപ്രധാന കരാറാണ് സെവിയ്യ ഉടമ്പടി (Sevilla Commitment).

2025 ജൂണിൽ സ്പെയിനിലെ സെവിയ്യയിൽ നടന്ന നാലാമത് അന്താരാഷ്ട്ര വികസന ധനസഹായ സമ്മേളനത്തിൽ (Fourth International Conference on Financing for Development - FfD4) ആണ് ഈ പ്രഖ്യാപനം ഉണ്ടായത്. ഈ കരാറിന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

- SDG ഫണ്ട് വിടവ് നികത്തുക: വികസ്വര രാജ്യങ്ങളിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പ്രതിവർഷം ആവശ്യമായ 4 ട്രില്യൺ ഡോളറിന്റെ കുറവ് പരിഹരിക്കാൻ ഈ കരാർ ലക്ഷ്യമിടുന്നു.
- കടക്കെണി പരിഹരിക്കുക: സാമ്പത്തിക പ്രതിസന്ധി നേരിടുന്ന രാജ്യങ്ങൾക്ക് കടം തിരിച്ചടയ്ക്കുന്നതിൽ ഇളവുകൾ (Debt relief), പ്രതിസന്ധി ഘട്ടങ്ങളിൽ പണമടയ്ക്കുന്നത് താൽക്കാലികമായി നിർത്താനുള്ള അനുമതി (Pause clauses) എന്നിവ ഇതിലൂടെ വിഭാവനം ചെയ്യുന്നു.
- ആഗോള സാമ്പത്തിക പരിഷ്കാരം: നിലവിലുള്ള അന്താരാഷ്ട്ര സാമ്പത്തിക വ്യവസ്ഥ കൂടുതൽ ഉൾക്കൊള്ളൽ സ്വഭാവമുള്ളതും (Inclusive) നീതിയുക്തവുമാക്കാൻ മൾട്ടിലാറ്ററൽ ഡെവലപ്മെന്റ് ബാങ്കുകളുടെ ശേഷി വർദ്ധിപ്പിക്കാൻ ഈ കരാർ ആഹ്വാനം ചെയ്യുന്നു.
- നികുതി വ്യവസ്ഥയിലെ സുതാര്യത: നികുതി വെട്ടിപ്പ് തടയുന്നതിനും ആഭ്യന്തര വിഭവങ്ങൾ സമാഹരിക്കുന്നതിനും രാജ്യങ്ങളെ സഹായിക്കുന്നു.

കരാറിലെ വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതിനായി 130-ലധികം പദ്ധതികൾ ഉൾക്കൊള്ളുന്ന ഒരു പ്രത്യേക പ്ലാറ്റ്ഫോമും ഇതിന്റെ ഭാഗമായി സജ്ജമാക്കിയിട്ടുണ്ട്.

യമൻ മുതൽ ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ വരെയും ഹെയ്തി മുതൽ സഹേൽ പ്രദേശം വരെയും മ്യാൻമറിലും ലോകമെമ്പാടും സമാധാനത്തിനായുള്ള പരിശ്രമത്തിൽ നാം ഒരിക്കലും തളരരുത്.

തോക്കുകൾ നിശബ്ദമായാൽ മാത്രം പോരാ എന്ന് നാം തിരിച്ചറിയണം. സമാധാനം എന്നത് യുദ്ധത്തിന്റെ അഭാവം മാത്രമല്ല. സംഘർഷങ്ങളുടെ മൂലകാരണങ്ങൾ പരിഹരിക്കപ്പെടണം. അല്ലെങ്കിൽ, ഏതൊരു പരിഹാരവും അസ്ഥിരമായിരിക്കും.

ഏറ്റവും കുറഞ്ഞ മാനവ വികസന സൂചികയുള്ള പത്ത് രാജ്യങ്ങളിൽ ഒമ്പതും നിലവിൽ സംഘർഷാവസ്ഥയിലാണെന്നത് യാദൃശ്ചികമല്ല. സുസ്ഥിരമായ സമാധാനത്തിന് സുസ്ഥിര വികസനം ആവശ്യമാണ്.

എന്നിട്ടും സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDGs) അംഗീകരിച്ച് പത്ത് വർഷത്തിന് ശേഷവും ഈ ലക്ഷ്യങ്ങളിൽ മൂന്നിൽ രണ്ടിലും കാര്യമായ പുരോഗതിയില്ല.

വികസ്വര രാജ്യങ്ങൾക്ക് 2030-ഓടെ ഈ വാഗ്ദാനങ്ങൾ നിറവേറ്റാൻ ആവശ്യമായ വിഭവങ്ങളിൽ പ്രതിവർഷം 4 ട്രില്യൺ ഡോളറിന്റെ കുറവുണ്ട്. വികസ്വര രാജ്യങ്ങൾ കടബാധ്യതകളാലും കുതിച്ചുയരുന്ന വിലക്കയറ്റത്താലും തളർന്നിരിക്കുകയാണ്. കഴിഞ്ഞ വർഷത്തെ സെവിയ്യ പ്രതിബദ്ധത (Sevilla Commitment) പ്രകാരം നാം മുന്നോട്ട് പോകണം. വികസ്വര രാജ്യങ്ങൾക്ക് വികസനത്തെയും സമാധാനത്തെയും പിന്തുണയ്ക്കുന്ന സംവിധാനങ്ങളിൽ നിക്ഷേപിക്കാൻ കഴിയുന്ന തരത്തിൽ അന്താരാഷ്ട്ര സാമ്പത്തിക ഘടന പരിഷ്കരിക്കണം.

നീതിയോടുകൂടിയ സമാധാനം എന്നാൽ അന്താരാഷ്ട്ര നിയമങ്ങളിലും സാമ്പത്തിക, സാമൂഹിക, സാംസ്കാരിക, പൗര, രാഷ്ട്രീയ അവകാശങ്ങളിലും അധിഷ്ഠിതമായ സമാധാനമാണ്.

സംസാരസ്വാതന്ത്ര്യവും പൗരസ്വാതന്ത്ര്യവും നാം സംരക്ഷിക്കണം. ആ അർത്ഥത്തിൽ, ഇറാനിലെ അക്രമാസക്തമായ അടിച്ചമർത്തലിൽ എനിക്ക് വലിയ ആശങ്കയുണ്ട്. ലോകമെമ്പാടുമുള്ള സ്ത്രീകൾക്കും പെൺകുട്ടികൾക്കും അവസരങ്ങളുടെ വാതിൽ നാം തുറന്നിടണം.

മനുഷ്യരാശിയുടെ പകുതി വരുന്ന സ്ത്രീകളുടെ അവകാശങ്ങൾക്കും സമത്വത്തിനും പങ്കാളിത്തത്തിനും നേരെ നടക്കുന്ന പിന്തിരിപ്പൻ നീക്കങ്ങൾക്ക് നാം വഴങ്ങില്ലെന്ന് ഞാൻ ഊന്നിപ്പറയുന്നു. യുഎൻ ചരിത്രത്തിൽ ആദ്യമായി ഉയർന്ന തലങ്ങളിൽ ലിംഗസമത്വം കൈവരിച്ചതിൽ ഞാൻ അഭിമാനിക്കുന്നു. യുവാക്കളുടെ അർത്ഥവത്തായ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഭിന്നശേഷിക്കാർക്കും തദ്ദേശ

വാസികൾക്കും യഥാർത്ഥ അവസരങ്ങൾ നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ നാം തുടരും. കൂടുതൽ നീതിയുക്തവും സുസ്ഥിരവുമായ ഭാവി കെട്ടിപ്പടുക്കുന്നതിന് ഇതെല്ലാം അത്യാവശ്യമാണ്.

നീതിയോടുകൂടിയ സമാധാനം എന്നാൽ പ്രകൃതിയുമായുള്ള സമാധാനം കൂടിയാണ്. കാലാവസ്ഥാ വ്യതിയാനം കൊണ്ട് കലുഷിതമായ ഒരു ലോകത്തിന് സമാധാനമായി ഇരിക്കാൻ കഴിയില്ല.

കാലാവസ്ഥാ വ്യതിയാനം ഒരു ഭീഷണി വർദ്ധിപ്പിക്കുന്ന ഘടകമാണ് - ഇത് ഭൂമി, വെള്ളം, ഭക്ഷണം എന്നിവയെച്ചൊല്ലിയുള്ള സംഘർഷങ്ങൾ വർദ്ധിപ്പിക്കുന്നു; ആളുകളെ വീടുകളിൽ നിന്ന് പലായനം ചെയ്യാൻ പ്രേരിപ്പിക്കുന്നു; നാം ആശ്രയിക്കുന്ന ആവാസവ്യവസ്ഥയെ തകർക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന് ഏറ്റവും കുറഞ്ഞ ഉത്തരവാദിത്തമുള്ളവർ അതിന്റെ ഏറ്റവും മോശമായ ഫലം അനുഭവിക്കുന്നു എന്നത് വലിയ അനീതിയാണ്. താപനിലയിലെ വർധനവ് 1.5 ഡിഗ്രിയിൽ താഴെ നിർത്തുന്നതിൽ നേതാക്കൾ പരാജയപ്പെട്ടു. ഈ പരിധി താത്കാലികമായി ലംഘിക്കപ്പെടുന്നത് ഇപ്പോൾ അനിവാര്യമായിരിക്കുന്നു - പക്ഷേ അത് മാറ്റാൻ കഴിയാത്ത ഒന്നല്ല. നമ്മുടെ ദൗത്യം ആ ലംഘനം എത്രയും ചെറുതും സുരക്ഷിതവുമാക്കുക എന്നതാണ്. മലിനീകരണം കുറയ്ക്കുന്നതിന് ദേശീയ കാലാവസ്ഥാ പദ്ധതികൾക്ക് അപ്പുറം പ്രവർത്തിക്കണം. ഫോസിൽ ഇന്ധനങ്ങളിൽ നിന്ന് പുനരുപയോഗ ഊർജ്ജത്തിലേക്കുള്ള നീതിയുക്തവും ക്രമബദ്ധവുമായ മാറ്റം വേഗത്തിലാക്കണം.

2030-ഓടെ ഊർജ്ജ കാര്യക്ഷമത ഇരട്ടിയാക്കണം; ശുദ്ധമായ വൈദ്യുതി എല്ലാവരിലേക്കും എത്തിക്കുന്നതിന് ഗ്രിഡുകളും സ്റ്റോറേജും നിർമ്മിക്കണം; മീഥെയ്ൻ പുറന്തള്ളൽ കുറയ്ക്കണം; വനനശീകരണം തടയണം. കാലാവസ്ഥാ വ്യതിയാനവുമായി പൊരുത്തപ്പെടുന്നതിനും (adaptation) നഷ്ടപരിഹാരത്തിനും (loss and damage) നൽകിയ വാഗ്ദാനങ്ങൾ പാലിക്കപ്പെടണം. ആവശ്യമുള്ളവർക്ക് ധനസഹായം ഉറപ്പാക്കണം. കാലാവസ്ഥാ നീതി എന്നത് സമാധാനത്തിനും സുരക്ഷയ്ക്കുമായുള്ള നിക്ഷേപമാണ്.

മൂന്നാമതായി, വിഭജനത്തിന്റെ ഈ കാലഘട്ടത്തിൽ ഐക്യം കെട്ടിപ്പടുക്കുക എന്നതായിരിക്കണം നമ്മുടെ മുൻഗണന. ലോകമെമ്പാടും വർണ്ണവിവേചനം, വിദേശികളോടുള്ള ഭയം (xenophobia), മതഭ്രാന്ത് എന്നിവയാൽ സമൂഹങ്ങൾ തകരുന്ന സാഹചര്യം നാം കാണുന്നു. ഇവ സമൂഹങ്ങളെ ഭിന്നിപ്പിക്കുകയും അവയ്ക്കിടയിൽ അവിശ്വാസം വളർത്തുകയും ചെയ്യുന്നു. പലർക്കും തങ്ങൾ പിന്നിലാക്കപ്പെട്ടുവെന്ന് തോന്നുന്നു. അവർക്ക് ചുറ്റും സമ്പത്ത് കാണുന്നുണ്ടെങ്കിലും ജീവിക്കാൻ അവർ കഷ്ടപ്പെടുന്നു. അതിവേഗത്തിലുള്ള ആഗോളവൽക്കരണവും സാങ്കേതിക പുരോഗതിയും തങ്ങളുടെ അവസരങ്ങളെ നശിപ്പിച്ചുവെന്ന് അവർ കരുതുന്നു. ജനസംഖ്യാ പ്രവണതകൾ ഇതിന്റെ അടിയന്തിര പ്രാധാന്യം വർദ്ധിപ്പിക്കുന്നു. യുവാക്കൾക്ക് തങ്ങളുടെ ജീവിതം മെച്ചപ്പെടുത്താൻ കഴിയുന്നില്ലെങ്കിൽ ജനസംഖ്യയിലെ വളർച്ച പുരോഗതിയായി മാറുകയില്ല. അതേസമയം, പ്രായമായവർ കൂടുതലുള്ള സമൂഹങ്ങൾക്ക് പുറംലോകത്ത് നിന്ന് ഒറ്റപ്പെട്ട് മതിലുകൾ കെട്ടാൻ കഴിയില്ല. അത് മുരടിപ്പിന് കാരണമാകും.

നിയമപരമായി അതിർത്തികൾ നിയന്ത്രിക്കാനും സുരക്ഷ ഉറപ്പാക്കാനും ഓരോ രാജ്യത്തിനും പരമാധികാരമുണ്ട്. എന്നാൽ കുടിയേറ്റക്കാർക്കും അഭയാർത്ഥികൾക്കും അവകാശങ്ങളുണ്ട് - അവ ബഹുമാനിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും വേണം. മതിലുകൾ കെട്ടിത്തിരിച്ച കോട്ടകൾ സൃഷ്ടിക്കുകയല്ല, മറിച്ച് എല്ലാവരെയും സ്വാഗതം ചെയ്യുന്ന സമൂഹങ്ങൾ കെട്ടിപ്പടുക്കുക എന്നതായിരിക്കണം നമ്മുടെ വെല്ലുവിളിയും മുൻഗണനയും. വിദ്യാഭ്യാസത്തിലും നൈപുണ്യത്തിലും മാന്യമായ തൊഴിലിലും നിക്ഷേപിക്കുന്ന സമൂഹങ്ങൾ. എല്ലാവരുടെയും വ്യക്തിത്വം ബഹുമാനിക്കപ്പെടുന്ന, പങ്കിട്ട പൗരമൂല്യങ്ങളാൽ പരസ്പരബന്ധിതമായ സമൂഹങ്ങൾ. ഐക്യം എന്നത് യാദൃശ്ചികമായി ഉണ്ടാകുന്നതല്ല. അതിന് ബോധപൂർവമായ നയങ്ങളും വിഭവപങ്കാളിത്തവും രാഷ്ട്രീയ ധൈര്യവും ആവശ്യമാണ്. നമ്മുടെ പൊതുവായ മാനുഷിക മൂല്യങ്ങൾക്ക് മുൻഗണന

നൽകുന്നതിൽ നാം പരാജയപ്പെട്ടാൽ, നമ്മെ ശക്തരാക്കുന്നതെല്ലാം നമുക്ക് നഷ്ടപ്പെടും. ഇക്കാര്യത്തിൽ നമ്മുടെ തിരഞ്ഞെടുപ്പ് വളരെ വ്യക്തമാണ്: ഉൾപ്പെടുത്തൽ (inclusion) അല്ലെങ്കിൽ ഒറ്റപ്പെടൽ, നവീകരണം അല്ലെങ്കിൽ തകർച്ച.

കാലം ആവശ്യപ്പെടുന്നതിനാലാണ് ഞാൻ ഇത് തുറന്നു സംസാരിച്ചത്. നമുക്ക് സംതൃപ്തരായിരിക്കാനോ നിഷേധിക്കാനോ വൈകാനോ കഴിയില്ല. അനീതിക്കോ നിസ്സംഗതയ്ക്കോ ശിക്ഷാനടപടികളില്ലാത്ത കുറ്റകൃത്യങ്ങൾക്കോ സാക്ഷികളായി നിൽക്കാൻ നമുക്ക് കഴിയില്ല.

മറ്റൊരു പാത സ്വീകരിക്കാനുള്ള അധികാരം നമുക്കുണ്ട്. ചാർട്ടർ നമുക്ക് ദിശാബോധം നൽകുന്നു. നീതിയോടുകൂടിയ സമാധാനത്തിനായുള്ള നമ്മുടെ അന്വേഷണം നമുക്ക് ലക്ഷ്യം നൽകുന്നു. നമ്മുടെ പൊതുവായ മാനവികത നമ്മെ പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നു. ലോകം മാറിക്കൊണ്ടിരിക്കുകയാണ് – പലപ്പോഴും ആശങ്കാജനകവും എന്നാൽ, ചിലപ്പോഴൊക്കെ പ്രചോദനാത്മകവുമായ രീതിയിൽ. ഭിന്നതയുടെയും അസമത്വത്തിന്റെയും ശക്തികൾ ശക്തമാണ്. എന്നാൽ ഐക്യദാർഢ്യത്തിനും നീതിക്കും വേണ്ടിയുള്ള നമ്മുടെ കഴിവും ശക്തമാണ്. ഇന്നത്തെ പ്രക്ഷുബ്ധമായ സാഹചര്യത്തിലും സമാധാനത്തിലും അന്തസ്സിലും പ്രതീക്ഷയിലും നമുക്ക് നമ്മുടെ പ്രവർത്തനങ്ങളെ നങ്കൂരമിടാം. അതിന് എല്ലാവരുടെയും മികച്ച ശ്രമങ്ങൾ ആവശ്യമാണ്. നാം ആരാണെന്നും എന്തിനെയാണ് പ്രതിനിധീകരിക്കുന്നതെന്നും ഒരിക്കലും മറക്കരുത്.

ഐക്യരാഷ്ട്രസഭ എന്നത് ഒരു സജീവ വാഗ്ദാനമാണ് – നമ്മുടെ അഭിപ്രായവ്യത്യാസങ്ങൾക്കിടയിലും നാം ഒരുമിച്ച് പ്രശ്നങ്ങൾ പരിഹരിക്കും എന്ന വാഗ്ദാനം. നമുക്ക് ആ വാഗ്ദാനം പാലിക്കാം.

നമ്മൾ ഒരിക്കലും പിന്മാറരുത്. അപകടസാധ്യതകൾ വളരെ വലുതാണ്, സമയം വളരെ കുറവും.

* UNDP: United Nations Development Programme
* UNOPS: United Nations Office for Project Services
* UN Women: United Nations Entity for Gender Equality and the Empowerment of Women
* UNFPA: United Nations Population Fund

ദിനിൽ ആർ.

# ജൈവവൈവിധ്യ കർമ്മപദ്ധതി എന്തിന്

ജൈവവൈവിധ്യ സംരക്ഷണ ചരിത്രത്തിൽ നാഴികക്കല്ലായി മാറിയ 1992-ലെ റിയോ ഡി ജനീറോ 'ഭൗമ ഉച്ചകോടി' (Earth Summit)യിലാണ് 'കൺവെൻഷൻ ഓൺ ബയോളജിക്കൽ ഡൈവേഴ്സിറ്റി' (CBD) എന്ന അന്താരാഷ്ട്ര ഉടമ്പടി രൂപംകൊണ്ടത്. ജൈവവൈവിധ്യ സംരക്ഷണം, അതിന്റെ സുസ്ഥിരമായ വിനിയോഗം, ജനിതക വിഭവങ്ങളിൽ നിന്നുള്ള ലാഭം നീതിയുക്തമായി പങ്കുവെക്കൽ എന്നീ മൂന്ന് പ്രധാന ലക്ഷ്യങ്ങളാണ് ഈ ഉടമ്പടി മുന്നോട്ടുവെച്ചത്. ഇതോടെ ജൈവവൈവിധ്യം എന്നത് ഓരോ രാജ്യത്തിന്റെയും പരമാധികാരത്തിന് കീഴിലുള്ള വിഭവമാണെന്നും എന്നാൽ അത് സംരക്ഷിക്കേണ്ടത് ആഗോള ഉത്തരവാദിത്തമാണെന്നും ലോകം അംഗീകരിച്ചു.

2010-ൽ ജപ്പാനിലെ നഗോയയിൽ നടന്ന ഐക്യരാഷ്ട്ര സഭയുടെ ജൈവ വൈവിധ്യ ഉച്ചകോടി (United Nations Biodiversity Conference) 'ഐച്ചി ജൈവവൈവിധ്യ ലക്ഷ്യങ്ങൾ' (Aichi Biodiversity Targets) അംഗീകരിച്ചു. വനനശീകരണം പകുതിയായി കുറയ്ക്കുക, കടലിന്റെയും കരയുടെയും നിശ്ചിത ശതമാനം സംരക്ഷിത മേഖലകളാക്കുക തുടങ്ങിയ 20 ലക്ഷ്യങ്ങളാണ് ഇതിൽ ഉണ്ടായിരുന്നത്. 2020-ഓടെ കൈവരിക്കേണ്ടിയിരുന്ന ഈ ലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ലോകരാഷ്ട്രങ്ങൾക്ക് സാധിച്ചില്ല. ഇത് കൂടുതൽ ശക്തമായ ഒരു പുതിയ പദ്ധതിയുടെ ആവശ്യകതയിലേക്ക് ലോകത്തെ നയിച്ചു.

ജൈവവൈവിധ്യ സംരക്ഷണത്തിലെ നിർണ്ണായകമായ മറ്റൊരു നാഴികക്കല്ലാണ് 2022 ഡിസംബറിൽ അംഗീകരിച്ച കുൻമിംഗ്-മോൺട്രിയൽ ഗ്ലോബൽ ബയോഡൈവേഴ്സിറ്റി ഫ്രെയിംവർക്ക് (KM-GBF). 2030-ഓടെ ലോകത്തെ ജൈവവൈവിധ്യ നാശം പൂർണ്ണമായും തടയുക എന്ന ലക്ഷ്യത്തോടെയാണ് ഇത് രൂപീകരിച്ചിരിക്കുന്നത്. ഇതിലെ ഏറ്റവും വിപ്ലവകരമായ നിർദ്ദേശം '30 by 30' എന്നറിയപ്പെടുന്ന പദ്ധതിയാണ്. 2030-ഓടെ ഭൂമിയിലെ കരയുടെയും കടലിന്റെയും 30 ശതമാനം ഭാഗമെങ്കിലും സംരക്ഷിത

മേഖലകളാക്കി മാറ്റുകയും നശിച്ച ആവാസവ്യവസ്ഥകളുടെ 30 ശതമാനം പുനഃസ്ഥാപിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ കാതൽ.

1992-ലെ റിയോ ഉച്ചകോടിയിൽ പങ്കെടുത്ത ഇന്ത്യ ഉടമ്പടിയിൽ ഒപ്പുവച്ചതിനു പിന്നാലെ, അതിലെ വ്യവസ്ഥകൾ രാജ്യത്ത് നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചു. ഉടമ്പടിയിലെ നിർദ്ദേശങ്ങൾ പ്രായോഗികമാക്കുന്നതിന്റെ ഭാഗമായാണ് ഇന്ത്യ 2002-ൽ ജൈവവൈവിധ്യ നിയമം (Biological Diversity Act) പാസാക്കിയത്.

ഈ നിയമമാണ് ജൈവവൈവിധ്യ സംരക്ഷണത്തിനായി ദേശീയ തലത്തിൽ നാഷണൽ ബയോഡൈവേഴ്സിറ്റി അതോറിറ്റി (NBA), സംസ്ഥാന തലത്തിൽ സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡുകൾ (SBB), തദ്ദേശ ഭരണ തലത്തിൽ ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികൾ (BMC) എന്നിവയടങ്ങുന്ന ത്രിതല സംവിധാനം വ്യവസ്ഥ ചെയ്തത്. 2004-ൽ ജൈവവൈവിധ്യ ചട്ടങ്ങൾ (Biological Diversity Rules) നിലവിൽ വന്നതോടെ തദ്ദേശ തലത്തിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ (PBR) തയ്യാറാക്കിത്തുടങ്ങി. ഒരു പ്രദേശത്തെ ജൈവ സമ്പത്ത്, അതുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകൾ എന്നിവ സംബന്ധിച്ച ആധികാരിക രേഖകൾ തയ്യാറാക്കുന്ന വിപുലമായ പ്രവർത്തനം അതോടെ ആരംഭിച്ചു.

2008-ൽ ഇന്ത്യ ആദ്യമായി നാഷണൽ ബയോഡൈവേഴ്സിറ്റി ആക്ഷൻ പ്ലാൻ (NBAP) രൂപീകരിച്ചു. 2014-ൽ പ്രാബല്യത്തിൽ വന്ന നഗോയ പ്രോട്ടോക്കോൾ ജൈവവിഭവങ്ങളിൽ നിന്നുള്ള ലാഭവിഹിതം കർഷകർക്കും പ്രാദേശിക ജനതയ്ക്കും ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ അംഗരാജ്യങ്ങളെ ബാധ്യതപ്പെടുത്തി. 2022-ൽ ലോകരാജ്യങ്ങൾ അംഗീകരിച്ച കുൻമിംഗ്- മോൺട്രിയൽ ഉടമ്പടിയെ തുടർന്ന്, 2023-ൽ ഇന്ത്യയുടെ ജൈവവൈവിധ്യ നിയമത്തിൽ ഭേദഗതികൾ (Amendment Act 2023) വരുത്തി. ഈ പുതിയ നിയമത്തിന്റെയും ആഗോള ഉടമ്പടിയുടെയും വെളിച്ചത്തിൽ ഇന്ത്യയുടെ ദേശീയ കർമ്മപദ്ധതി (NBSAP) പരിഷ്കരിച്ചു വരികയാണ്. ഈ പശ്ചാത്തലത്തിലാണ് കേരളം K-SBSAP 2025-2035 തയ്യാറാക്കിയത്.

സുസ്ഥിര വികസന സൂചികയിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത് തുടരുന്ന കേരളം 2050-ഓടെ കാർബൺ ന്യൂട്രൽ (Net Zero) പദവി കൈവരിക്കുകയെന്ന ലക്ഷ്യം പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ലക്ഷ്യത്തിലേക്കുള്ള സുപ്രധാന ചുവടുവെപ്പാണ് 'കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി സ്ട്രാറ്റജി & ആൻഡ് ആക്ഷൻ പ്ലാൻ 2025-2035'. കേന്ദ്ര സർക്കാരിന്റെ പരിഷ്കരിച്ച ജൈവവൈവിധ്യ നിയമങ്ങളോടും ആഗോളതലത്തിലെ കുൻമിംഗ്- മോൺട്രിയൽ ഉടമ്പടികളോടും ചേർന്നുനിൽക്കുന്ന ഈ പദ്ധതി, വരും ദശകങ്ങളിൽ കേരളത്തെ ഇന്ത്യയിലെ ഏറ്റവും മികച്ച 'ജൈവവൈവിധ്യ സൗഹൃദ സംസ്ഥാനമാക്കി' മാറ്റാനാണ് ലക്ഷ്യമിടുന്നത്.

ഈ കർമ്മ പദ്ധതിയുടെ ഭാഗമായി കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, വിനോദസഞ്ചാരം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങി ഓരോ മേഖലയും ജൈവവൈവിധ്യ സംരക്ഷണത്തിന് മുൻഗണന നൽകുന്ന രീതിയിൽ പുനഃക്രമീകരിക്കപ്പെടും. കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാനുള്ള ഏറ്റവും മികച്ച മാർഗ്ഗം പ്രകൃതിയെ സംരക്ഷിക്കുക എന്നതാണെന്ന തിരിച്ചറിവിൽ നിന്നാണ് ഈ കർമ്മ പദ്ധതിയുടെ അടിസ്ഥാന തത്ത്വങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്. ഇത് സംസ്ഥാനത്തിന്റെ പാരിസ്ഥിതിക സുരക്ഷ ഉറപ്പാക്കുന്നതിനൊപ്പം ജനങ്ങളുടെ ഉപജീവനമാർഗ്ഗങ്ങളെ കൂടുതൽ സുസ്ഥിരമാക്കുകയും ചെയ്യുന്നു.

വികേന്ദ്രീകൃത ഭരണ സംവിധാനമാണ് ഈ പദ്ധതിയുടെ വിജയത്തിനും അടിസ്ഥാനമാകുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുതൽ സംസ്ഥാന തലം വരെയുള്ള വിവിധ വകുപ്പുകളുടെ ഏകോപനവും വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗവും ഇതിൽ പ്രധാനമാണ്. പരിസ്ഥിതി ബോധമുള്ള പൊതുസമൂഹത്തെ അണിനിരത്തി ജൈവവൈവിധ്യ സംരക്ഷണത്തെ ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റാൻ കേരളത്തിന് കഴിയും. ഈ ജനകീയ പങ്കാളിത്ത മാതൃക ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും ശ്രദ്ധേയമാകും. വരുംതലമുറയ്ക്കായി പ്രകൃതിയെ കരുതിവെക്കുന്നതിലൂടെ സുസ്ഥിരവും തുല്യനീതിയിൽ അധിഷ്ഠിതവുമായ വികസനത്തിന്റെ പുതിയൊരു മാതൃകയാണ് ഇതിലൂടെ രൂപപ്പെട്ടു വരുന്നത്.

കേരളത്തിന്റെ സവിശേഷ ഭൂപ്രകൃതിയും കാലാവസ്ഥയും ഈ ഭൂവിഭാഗത്തെ ജൈവ വൈവിധ്യത്തിന്റെ കലവറയാക്കി മാറ്റുന്നു. യുനെസ്കോയുടെ (UNESCO) ലോക പൈതൃക പട്ടികയിൽ ഇടംപിടിച്ചിട്ടുള്ള പശ്ചിമ

മറ്റൊരിടത്തും കാണാത്തവയാണ്. ഇവിടുത്തെ ഏകദേശം 7,402 ഇനം പുഷ്പിത സസ്യങ്ങളിൽ 2,253 എണ്ണവും (ഏകദേശം 30%) കേരളത്തിൽ മാത്രം കാണപ്പെടുന്നവയാണ്. ലഭ്യമായ കണക്കുകൾ പ്രകാരം പശ്ചിമഘട്ടത്തിലെ ജൈവ സമ്പത്തിന്റെ ഭൂരിഭാഗവും കേരളത്തിന്റെ അതിർത്തിക്കുള്ളിലാണ്. പശ്ചിമഘട്ടത്തിൽ കാണപ്പെടുന്ന ആകെ പുഷ്പിത സസ്യങ്ങളിൽ (Flowering Plants) ഏകദേശം 95 ശതമാനവും കേരളത്തിലുണ്ട്. പശ്ചിമഘട്ടത്തിലെ നട്ടെല്ലുള്ള ജീവിവർഗ്ഗങ്ങളുടെ (Vertebrate fauna) ഏകദേശം 90 ശതമാനവും കേരളത്തിലെ വനങ്ങളിലും പരിസ്ഥിതി വ്യവസ്ഥകളിലുമായി കാണപ്പെടുന്നു. ജൈവ വൈവിധ്യത്തിന്റെ സാന്ദ്രത (Biodiversity Density) നോക്കിയാൽ അത് ലോകത്തു തന്നെ ഏറ്റവും ഉയർന്ന നിരക്കുകളിലൊന്നാണ്.

പശ്ചിമഘട്ടത്തിൽ നിന്ന് ഉത്ഭവിച്ച് അറബിക്കടലിൽ പതിക്കുന്ന നദികൾ കേവലം ജലസ്രോതസ്സുകൾ എന്നതിലുപരി സവിശേഷമായ ഒരു ആവാസ വ്യവസ്ഥയെ നിലനിർത്തുന്നു. കേരളത്തിലെ നദികൾ വൈവിധ്യമാർന്ന മത്സ്യസമ്പത്തിന് പേരുകേട്ടതാണ്. ഇന്ത്യയിൽ കാണപ്പെടുന്ന ശുദ്ധജല മത്സ്യങ്ങളിൽ വലിയൊരു ശതമാനം കേരളത്തിലെ നദികളിലുണ്ട്.



ഘട്ട മലനിരകൾ ലോകത്തെ 'അതീവ പ്രാധാന്യമുള്ള ജൈവവൈവിധ്യ കേന്ദ്രങ്ങളിൽ' ഒന്നാണ്.

പശ്ചിമഘട്ടത്തിന്റെ ഏകദേശം അഞ്ചിൽ ഒരു ഭാഗം കേരളത്തിൽ ഉൾപ്പെട്ടതാണ്. 1,600 കിലോമീറ്റർ നീളത്തിൽ വ്യാപിച്ചുകിടക്കുന്ന ഈ മലനിരകളുടെ ഏകദേശം 450 കിലോമീറ്ററോളം ഭാഗം കേരളത്തെ സ്പർശിക്കുന്നു. കേരളത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ ഏകദേശം പകുതിയോളം വരുന്നത് പശ്ചിമഘട്ട മേഖലയിലാണ്. പശ്ചിമഘട്ടത്തിന്റെ ഭാഗങ്ങളും അതിനോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളും ചേർന്നാൽ കേരളത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ ഏകദേശം 70 ശതമാനത്തിലധികം വരും. ലോകത്ത് മറ്റൊരിടത്തും കാണാത്ത തരം സസ്യങ്ങളും ജീവികളും പശ്ചിമഘട്ടത്തിലുണ്ട്.

പശ്ചിമഘട്ടത്തിലെ ഉഭയജീവികളിൽ 80 ശതമാനവും ഉരഗങ്ങളിൽ 60 ശതമാനവും ലോകത്ത്

ഇതിൽ പലതും പശ്ചിമഘട്ട മേഖലയിൽ മാത്രം കാണപ്പെടുന്ന അപൂർവ്വ (Endemic) ഇനങ്ങളാണ്. നദികളിലെ ഒഴുക്കും പാറക്കെട്ടുകളും ഓരോ ജീവിക്കും അനുയോജ്യമായ വാസ വ്യവസ്ഥകൾ ഒരുക്കുന്നു. നദികളുടെ ഇരുവശങ്ങളിലുമായി കാണപ്പെടുന്ന സസ്യജാലങ്ങൾ കേരളത്തിലെ ജൈവവൈവിധ്യം സമ്പന്നമാക്കുന്നു. ഈ നദികൾ ശോഷിക്കുന്നത് പ്രദേശത്തെ ജൈവവൈവിധ്യത്തിന്റെ തകർച്ചയ്ക്കും കാരണമാകും.

കടലിൽ നിന്നുള്ള ഉപ്പുവെള്ളവും നദികളിൽ നിന്നുള്ള ശുദ്ധജലവും കലരുന്ന കായലുകളും തണ്ണീർത്തടങ്ങളും ജൈവവൈവിധ്യം കൊണ്ട് സവിശേഷമാണ്. കേരളത്തിലെ ഉൾനാടൻ മത്സ്യസമ്പത്തിന്റെ പ്രധാന സ്രോതസായ കായലുകൾ കരിമീൻ, ചെമ്മീൻ, ഞണ്ട് തുടങ്ങിയ ഒട്ടനവധി ജീവിവർഗ്ഗങ്ങളുടെ പ്രജനന കേന്ദ്രമാണ്. കടൽ

മത്സ്യങ്ങൾ പോലും മുട്ടയിടാനും വളരാനുമായി കായലുകളെയും കണ്ടൽക്കാടുകളെയും ആശ്രയിക്കുന്നു.

കായലോരങ്ങളിൽ കാണപ്പെടുന്ന കണ്ടൽക്കാടുകൾ ജൈവവൈവിധ്യത്തിന്റെ കേന്ദ്രങ്ങളാണ്. ഇവ തീരദേശത്തെ കടൽക്ഷോഭത്തിൽ നിന്നും സുനാമിയിൽ നിന്നും സംരക്ഷിക്കുന്ന 'പ്രകൃതിദത്തമായ മതിൽ' ആയി പ്രവർത്തിക്കുന്നു. വായുവിലെ കാർബൺ വലിയ തോതിൽ ആഗിരണം ചെയ്യാനും (Carbon Sequestration) ഇവയ്ക്ക് കഴിവുണ്ട്. വേമ്പനാട്, അഷ്ടമുടി തുടങ്ങിയ കായലുകൾ സൈബീരിയയിൽ നിന്നും മറ്റും എത്തുന്ന ആയിരക്കണക്കിന് ദേശാടനപ്പക്ഷികളുടെ പ്രധാന ഇടത്താവളങ്ങളാണ്.

ഉഷ്ണമേഖലാ മഴക്കാടുകൾ മുതൽ മനോഹരമായ ചോലവനങ്ങളും കാവുകളും വരെ നീളുന്ന വൈവിധ്യമാർന്ന വനവ്യവസ്ഥകൾ അപൂർവ്വവും വംശനാശഭീഷണി നേരിടുന്നതുമായ നിരവധി ജീവജാലങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥയാണ്. ഏകദേശം അയ്യായിരത്തോളം ഇനം പുഷ്പിത സസ്യങ്ങൾ കേരളത്തിലുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്; ഇത് ഇന്ത്യയിലെ ആകെ സസ്യസമ്പത്തിന്റെ 28 ശതമാനത്തോളം വരും. കൂടാതെ തൊള്ളായിരത്തോളം ഔഷധസസ്യങ്ങളും അറുന്നൂറിലധികം കൂൺ വർഗ്ഗങ്ങളും കേരളത്തിലെ വനങ്ങളിലുണ്ട്. വന്യജീവി സമ്പത്തിന്റെ കാര്യത്തിലും കേരളം ഏറെ മുന്നിലാണ്. കേരളത്തിലെ പശ്ചിമഘട്ട മേഖലയിൽ ആയിരത്തി എണ്ണൂറിലധികം നട്ടെല്ലുള്ള ജീവിവർഗ്ഗങ്ങളെ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ മത്സ്യങ്ങൾ, ഉഭയജീവികൾ, ഉരഗങ്ങൾ, പക്ഷികൾ, സസ്തനികൾ എന്നിവ ഉൾപ്പെടുന്നു. കേരളത്തിന്റെ ഭൂവിസ്തൃതി ഇന്ത്യയുടെ ആകെ വിസ്തീർണ്ണത്തിന്റെ 1.18 ശതമാനം മാത്രമാണെങ്കിലും രാജ്യത്തെ ജൈവവൈവിധ്യത്തിന്റെ നല്ലൊരു പങ്ക് കാത്തുസൂക്ഷിക്കുന്നത് ഈ സംസ്ഥാനമാണ്.

**സുസ്ഥിര വികസന സൂചികയിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത് തുടരുന്ന കേരളം 2050–ഓടെ കാർബൺ ന്യൂട്രൽ (Net Zero) പദവി കൈവരിക്കുകയെന്ന ലക്ഷ്യം പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ലക്ഷ്യത്തിലേക്കുള്ള സുപ്രധാന ചുവടുവെപ്പാണ് 'കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി സ്ട്രാറ്റജി & ആൻഡ് ആക്ഷൻ പ്ലാൻ 2025–2035'.**



ഈ അതിശയകരമായ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ടാണ് 'കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി സ്ട്രാറ്റജി ആൻഡ് ആക്ഷൻ പ്ലാൻ (K-SBSAP) 2025-2035' തയ്യാറാക്കിയിരിക്കുന്നത്. പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയും ആദിവാസി സമൂഹങ്ങളുടെയും വനത്തെ ആശ്രയിച്ചു കഴിയുന്നവരുടെയും ഉപജീവനമാർഗങ്ങളും സാംസ്കാരിക തനിമയും സംരക്ഷിക്കുന്നതിന് അത്യന്താപേക്ഷിതമായ ആവാസവ്യവസ്ഥയായാണ് ഈ പദ്ധതി വനങ്ങളെ കാണുന്നത്. വനംവകുപ്പിന്റെ പ്രവർത്തനപദ്ധതികളിൽ ജൈവവൈവിധ്യ സംരക്ഷണത്തിന് മുൻഗണന നൽകുക, നശിച്ചുപോയ വനപ്രദേശങ്ങൾ തദ്ദേശീയ സസ്യങ്ങളെ ഉപയോഗിച്ച് പുനരുജ്ജീവിപ്പിക്കുക, വനഭരണത്തിൽ പ്രാദേശിക സമൂഹങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക എന്നിവ ഇത് മുന്നോട്ടുവയ്ക്കുന്ന സമീപനത്തിന്റെ ഭാഗമാണ്.

വനസംരക്ഷണത്തെ ജനകീയമാക്കുന്നതിലൂടെ മാത്രമേ സുസ്ഥിര വികസനം സാധ്യമാകൂ എന്ന് ഈ കർമ്മപദ്ധതി അടിവരയിടുന്നു. വനാവകാശ നിയമപ്രകാരം ആദിവാസി വിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനൊപ്പം വനവിഭവങ്ങളെയും




ഔഷധസസ്യങ്ങളെയും കുറിച്ചുള്ള അവരുടെ പരമ്പരാഗത അറിവുകൾ രേഖപ്പെടുത്താനും പ്രോത്സാഹിപ്പിക്കാനും പദ്ധതി ലക്ഷ്യമിടുന്നു. വനംവകുപ്പ്, ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ (BMCs), തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപിതമായ പ്രവർത്തനം ഇതിന് അത്യന്താപേക്ഷിതമാണ്. ജൈവസമ്പത്ത് ശക്തിപ്പെടുത്തുന്നതിലൂടെ അന്തരീക്ഷത്തിൽ നിന്നുള്ള കാർബൺ ആഗിരണം വർദ്ധിപ്പിച്ചും ഹരിത ഉപജീവനമാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിച്ചും കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാനുള്ള കേരളത്തിന്റെ ഹരിത വികസന പാതയിൽ വനവൽക്കരണത്തെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുകയാണ് ഈ പുതിയ നയം ചെയ്യുന്നത്.

കേരളത്തിന്റെ കൃഷി മേഖലയുടെ നിലനില്പും പുരോഗതിയും ജൈവവൈവിധ്യ സംരക്ഷണവുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. സംസ്ഥാനത്തെ അഞ്ച് കാർഷിക പാരിസ്ഥിതിക മേഖലകളായും (Agro-Ecological Zones) 23 യൂണിറ്റുകളായും (AEU) ശാസ്ത്രീയമായി തിരിച്ചിരിക്കുന്നത് ഈ വൈവിധ്യത്തെ ഉൾക്കൊണ്ടുകൊണ്ടാണ്. ഓരോ പ്രദേശത്തിന്റെയും സവിശേഷമായ കാലാവസ്ഥയ്ക്കും മണ്ണിനും അനുയോജ്യമായ വിളപരിപാലന രീതികൾ പിന്തുടരുന്നത് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക മാത്രമല്ല, പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നിലനിർത്താൻ സഹായിക്കുകയും ചെയ്യും. ജൈവ കർഷക മിഷൻ, പ്രകൃതി കൃഷി തുടങ്ങിയ പദ്ധതികളിലൂടെ കൃഷി വകുപ്പ് തദ്ദേശീയമായ വിത്തിനങ്ങളെ സംരക്ഷിക്കുകയും പരിസ്ഥിതി സൗഹൃദ കൃഷി രീതികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഇത് കൃഷിഭൂമിയിലെ ജൈവവൈവിധ്യത്തെ സംരക്ഷിക്കുകയും സുരക്ഷിതമായ ഭക്ഷ്യോല്പാദനം ഉറപ്പാക്കുകയും ചെയ്യുന്നു.

ജൈവവൈവിധ്യ ബോർഡും കൃഷി വകുപ്പും കൈകോർക്കുന്നതിലൂടെ പരമ്പരാഗത അറിവുകൾ രേഖപ്പെടുത്താനും കാര്യമായി ശ്രദ്ധിക്കപ്പെടാതെ പോകുന്ന വിളകളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും സാധിക്കും. ഇത് നമ്മുടെ ഭക്ഷ്യ-പോഷകാഹാര സുരക്ഷ ഉറപ്പാക്കുന്നതിൽ പ്രധാനമാണ്. ചെറുകിട കർഷകരെയും വനിതകളെയും മുൻനിർത്തിയുള്ള ജൈവവൈവിധ്യ സംരംഭങ്ങളും ഭൗമ സൂചിക (GI Tag) ലഭിച്ച ഉൽപ്പന്നങ്ങളുടെ പ്രചാരണവും കർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കുന്നതിനുള്ള വഴികളാണ്. പ്ലാന്റ് വെറൈറ്റീസ് ആൻഡ് ഫാർമേഴ്സ് റൈറ്റ്സ് ആക്ട് (PPV&FR Act) പോലുള്ള നിയമങ്ങൾ കർഷകരെ ജൈവവൈവിധ്യത്തിന്റെ സംരക്ഷകർ എന്ന നിലയിൽ ശാക്തീകരിക്കാൻ സഹായിക്കുന്നു. കാലാവസ്ഥാ വ്യതിയാനം വലിയ വെല്ലുവിളികൾ ഉയർത്തുന്ന ഈ കാലഘട്ടത്തിൽ, പാരിസ്ഥിതിക തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ള കാർഷിക നയങ്ങൾ അത്യന്താപേക്ഷിതമാണ്. കൃഷിയെയും ജൈവവൈവിധ്യത്തെയും വേർതിരിച്ചു കാണാതെ, ഇവ രണ്ടിനെയും ഒരുപോലെ പരിഗണിക്കുന്നതിലൂടെ മാത്രമേ കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാൻ ശേഷിയുള്ള ഒരു കാർഷിക



സംസ്കാരം കെട്ടിപ്പടുക്കാൻ കഴിയൂ. 2035-ഓടെ കേരളത്തെ സമ്പൂർണ്ണ ജൈവവൈവിധ്യ സൗഹൃദ സംസ്ഥാനമാക്കുക എന്നതാണ് കേരള സ്റ്റേറ്റ് ബയോ ഡൈവേഴ്സിറ്റി സ്ട്രാറ്റജി ആൻഡ് ആക്ഷൻ പ്ലാൻ' മുന്നോട്ടുവെക്കുന്ന ലക്ഷ്യം. കർഷകരെ അതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളുടെ മുന്നണിപ്പോരാളികളാക്കി മാറ്റാൻ നമുക്ക് കഴിയണം.

കേരളത്തിന്റെ തനതായ കന്നുകാലി ഇനങ്ങളും ആട്, കോഴി, താറാവ് തുടങ്ങിയ വളർത്തുമൃഗങ്ങളും നമ്മുടെ വലിയൊരു ജനിതക-സാംസ്കാരിക സമ്പത്താണ്. മാറിയ പ്രജനന രീതികളും ആവാസ വ്യവസ്ഥയിലെ മാറ്റങ്ങളും ഇവയുടെ നിലനിൽപ്പിന് ഭീഷണിയാകുമ്പോൾ, ഈ കർമ്മ പദ്ധതി (K-SBSAP 2025-2035) ഈ മേഖലയ്ക്ക് വലിയ പ്രാധാന്യമാണ് നൽകുന്നത്. നമ്മുടെ കാലാവസ്ഥയുമായി ഇണങ്ങിച്ചേർന്നതും രോഗപ്രതിരോധശേഷി കൂടിയതുമായ തദ്ദേശീയ ഇനങ്ങളെ സംരക്ഷിക്കുന്നത് ഗ്രാമീണ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും അത്യന്താപേക്ഷിതമാണ്. മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ ഇത്തരം ഇനങ്ങളെ തിരിച്ചറിയുന്നതിനും അവയുടെ വിപുലമായ വിവരശേഖരണം നടത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

തദ്ദേശീയ ഇനങ്ങളുടെ സംരക്ഷണത്തിനായി ബ്രീഡ് കൺസർവേഷൻ ഫാമുകൾ സ്ഥാപിക്കുക, കമ്മ്യൂണിറ്റി അധിഷ്ഠിത പ്രജനന പരിപാടികൾ നടപ്പിലാക്കുക, പരമ്പരാഗത മൃഗചികിത്സാ അറിവുകൾ (Ethno-veterinary medicine) രേഖപ്പെടുത്തുക എന്നിവയാണ് ഈ കർമ്മപദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ. വെറ്ററിനറി സേവനങ്ങൾ, ഇൻഷുറൻസ്, തീറ്റപ്പുൽ വികസനം തുടങ്ങിയ മേഖലകളിൽ ജൈവവൈവിധ്യ തത്വങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രവർത്തന രീതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇത് കന്നുകാലി വളർത്തലിനെ കേവലം ഒരു സാമ്പത്തിക മേഖല എന്നതിലുപരി പരിസ്ഥിതിയുമായി ഇണങ്ങി നിൽക്കുന്ന ഒരു ഉപജീവനമാർഗ്ഗമാക്കി മാറ്റാൻ സഹായിക്കും.

മൃഗങ്ങളുടെയും മനുഷ്യരുടെയും പരിസ്ഥിതിയുടെയും ആരോഗ്യം പരസ്പരബന്ധിതമാണെന്ന് കാണുന്ന 'വൺ ഹെൽത്ത്' (One Health) സമീപനമാണ് പദ്ധതിയുടെ മറ്റൊരു സവിശേഷത. വനം, കൃഷി, മൃഗസംരക്ഷണം എന്നിവ തമ്മിലുള്ള പരമ്പരാഗത ബന്ധത്തെ നിലനിർത്തുന്നതിനും ആദിവാസി-കർഷക സമൂഹങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും പദ്ധതി ഊന്നൽ നൽകുന്നു. തനത് ഇനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിലൂടെയും കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാൻ ശേഷിയുള്ള വളർത്തുമൃഗ പരിപാലന രീതികൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും ഇത് കേരളത്തിന്റെ ഹരിത വികസന ലക്ഷ്യങ്ങൾക്ക് സഹായകമാകും.

കേരളത്തിന്റെ വികേന്ദ്രീകൃത ഭരണമാതൃക പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ തദ്ദേശ



സ്വയംഭരണ സ്ഥാപനങ്ങളെ (LSGs) നിർണ്ണായക ശക്തികളാക്കി മാറ്റിയിട്ടുണ്ട്. 1,200-ഓളം വരുന്ന ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികളെ (BMCs) ഈ പ്രവർത്തനങ്ങളുടെ മുൻനിരയിലേക്ക് കൊണ്ടുവരാനാണ് ഈ കർമ്മ പദ്ധതി(K-SBSAP 2025-2035) വിഭാവനം ചെയ്യുന്നത്. പ്രാദേശിക വികസന പദ്ധതികളിലും ബജറ്റുകളിലും ജൈവവൈവിധ്യ സംരക്ഷണത്തെ ഒരു അവിഭാജ്യ ഘടകമായി ഉൾപ്പെടുത്താൻ തദ്ദേശ സ്വയംഭരണ വകുപ്പിന് ഇതിലൂടെ സാധിക്കുന്നു. ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും ജൈവവൈവിധ്യ സംരക്ഷണം ഒരു യഥാർത്ഥ ജനകീയ പ്രസ്ഥാനമായി മാറുന്നത് ഈ വികേന്ദ്രീകൃത അധികാര വിനിയോഗത്തിലൂടെയാണ്.

ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ (PBRs) കേവലം ഒരു രേഖയായി സൂക്ഷിക്കാതെ, അവയിലെ വിവരങ്ങൾ പ്രാദേശിക ജൈവവൈവിധ്യ കർമ്മപദ്ധതികൾ (LBSAP)ക്ക് അടിസ്ഥാനമാക്കുക എന്നതാണ് ഈ പുതിയ നയത്തിന്റെ കാതൽ. ഈ കർമ്മപദ്ധതികളെ തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളുമായി സംയോജിപ്പിച്ച് ആഗോളവും ദേശീയവുമായ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ കൈവരിക്കാൻ ഗ്രാമതലത്തിൽ തന്നെ സാധിക്കും. ജലസംരക്ഷണം, നീർത്തട വികസനം, കാലാവസ്ഥാ അതിജീവനം തുടങ്ങിയ പദ്ധതികളുമായി ജൈവവൈവിധ്യ സംരക്ഷണത്തെ കൂട്ടിയിണക്കുന്നതിലൂടെ കൂടുതൽ ശാസ്ത്രീയവും പ്രായോഗികവുമായ വികസന മാതൃകകൾ സൃഷ്ടിക്കാൻ തദ്ദേശ ഭരണകൂടങ്ങൾക്ക് കഴിയും.

നഗര-ഗ്രാമ വ്യത്യാസമില്ലാതെ പരിസ്ഥിതി പുനഃസ്ഥാപന പദ്ധതികൾ ഏറ്റെടുക്കാനും നഗരങ്ങളിലെ ജൈവവൈവിധ്യ കേന്ദ്രങ്ങൾ സംരക്ഷിക്കാനും ഹരിത പൊതുഇടങ്ങൾ സൃഷ്ടിക്കാനും ഈ പ്രാദേശിക ഇടപെടലുകൾ വഴി സാധിക്കും. കൂടാതെ, അധിനിവേശ സസ്യങ്ങളെ നിയന്ത്രിക്കുക, വനവൽക്കരണം പ്രോത്സാഹിപ്പിക്കുക തുടങ്ങിയ കാര്യങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കാനും സാധിക്കും. യുവാക്കളെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സിറ്റിസൺ സയൻസ് പദ്ധതികൾ, ജൈവവൈവിധ്യ സാക്ഷരത തുടങ്ങിയ പ്രവർത്തനങ്ങൾ വഴി പരിസ്ഥിതി ബോധമുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കാനും ഇതിലൂടെ സാധിക്കും. സന്ദർഭോചിതവും ജനാധിപത്യപരവുമായ ഈ ഇടപെടൽ കേരളത്തിന്റെ സുസ്ഥിര വികസന പാതയിൽ ഒരു സുപ്രധാന നാഴികക്കല്ലായി മാറും.

**മൃഗങ്ങളുടെയും മനുഷ്യരുടെയും പരിസ്ഥിതിയുടെയും ആരോഗ്യം പരസ്പരബന്ധിതമാണെന്ന് കാണുന്ന 'വൺ ഹെൽത്ത്' (One Health) സമീപനമാണ് ജൈവ വൈവിധ്യ കർമ്മ പദ്ധതിയുടെ മറ്റൊരു സവിശേഷത.**



# മാർച്ച് 21 ലോക വനദിനം

വനങ്ങളെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം പ്രചരിപ്പിക്കുന്നതിനായി എല്ലാ വർഷവും മാർച്ച് 21 ലോക വനദിനമായി (International Day of Forests) ആചരിക്കുന്നു.

2012 നവംബർ 28-നാണ് ഐക്യരാഷ്ട്രസഭയുടെ പൊതുസമ്മേളനം മാർച്ച് 21 ലോക വനദിനമായി പ്രഖ്യാപിച്ചത്. 2013 മുതലാണ് ഇത് ആചരിച്ചു തുടങ്ങിയത്. ഭൂമിയുടെ നിലനിൽപ്പിന് വനങ്ങളും മരങ്ങളും എത്രത്തോളം അത്യന്താപേക്ഷിതമാണെന്ന് ജനങ്ങളെ ഓർമ്മിപ്പിക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. മരങ്ങൾ വെച്ചുപിടിപ്പിക്കാനും വനനശീകരണം തടയാനും ഈ ദിനം ആഹ്വാനം ചെയ്യുന്നു.

വനസംരക്ഷണത്തിന്റെ വിവിധ വശങ്ങൾ ചർച്ച ചെയ്യാനായി ഓരോ വർഷവും ഓരോ പ്രമേയം തിരഞ്ഞെടുക്കാറുണ്ട്. 'വനങ്ങളും നവീന ആശയങ്ങളും: മെച്ചപ്പെട്ട ലോകത്തിനായി പുതിയ പരിഹാരങ്ങൾ' (Forests and Innovation: New Solutions for a Better World) എന്നതായിരുന്നു 2024-ലെ പ്രമേയം. 2025-ലെ 'വനങ്ങളും ഭക്ഷണവും' (Forests and Food) എന്ന പ്രമേയം വനങ്ങളും ഭക്ഷ്യ സുരക്ഷയും തമ്മിലുള്ള ബന്ധം ഉയർത്തിക്കാട്ടി. 'വനങ്ങളും സമ്പദ്‌വ്യവസ്ഥയും' (Forests and Economies) എന്നതാണ് 2026-ലെ പ്രമേയം. ആഗോള സമ്പദ്‌വ്യവസ്ഥയിലും ഉപജീവനോപാധികൾ ഉറപ്പാക്കുന്നതിലും വനങ്ങളുടെ പങ്കിനെക്കുറിച്ചുള്ള ബോധവൽക്കരണമാണ് ഈ വർഷം ലക്ഷ്യമിടുന്നത്




ഷിജു ഏലിയാസ്

# ഭൂമിക്കൊരു ചരമഗീതം

## പരിസ്ഥിതി സാഹിത്യത്തിലെ വിച്ഛേദം!

മലയാളിയുടെ അനുഭൂതി ലോകത്തെ ആഴത്തിൽ സ്പർശിച്ച കവിതകളിൽ ഒന്നാണ് ഒഎൻവി കുറുപ്പിന്റെ 'ഭൂമിക്കൊരു ചരമഗീതം'. മലയാള കവിതയെ ഗാനങ്ങൾ പോലെ ജനകീയമാക്കുകയും ഗാനങ്ങളെ കവിതയിൽ ചാലിച്ചെടുക്കുകയും ചെയ്ത ഒ.എൻ.വിയുടെ ഈ വേറിട്ട രചന (1984) മലയാളത്തിലെ പാരിസ്ഥിതിക കവിതയെ രണ്ടു കാലഘട്ടങ്ങളായി വിഭജിച്ചു. പ്രകൃതിയെ നശിപ്പിക്കുന്ന മനുഷ്യനെ ഇത്ര ശക്തമായി താക്കീത് ചെയ്യുന്ന മറ്റൊരു രചന മലയാള സാഹിത്യത്തിൽ ഇല്ലെന്നു തന്നെ പറയാം. പ്രകൃതിയെ നശിപ്പിക്കുന്നതിലൂടെ മനുഷ്യൻ സ്വന്തം നാശത്തിലേക്കാണ് നടക്കുന്നതെന്ന് ഈ കവിത പറയുന്നു. കാലാവസ്ഥാ വ്യതിയാനം (climate change) മനുഷ്യന്റെ നിലനിൽപ്പിന് വെല്ലുവിളിയുയർത്തുന്ന ഈ കാലത്ത് ഏറെ പ്രസക്തമായ ശാസ്ത്രീയ കാഴ്ചപ്പാട് ഉയർത്തിപ്പിടിക്കുന്നുവെന്നത് ഈ കവിതയുടെ പ്രത്യേകതയാണ്. പ്രമേയപരവും ആഖ്യാനപരവുമായ പ്രത്യേകതകൾക്കൊപ്പം രൂപ

കങ്ങളുടെ അസാധാരണത്വവും ഈ രചനയെ വ്യത്യസ്തമാക്കുന്നു. ഭൂമിയെ 'അമ്മ'യായും മനുഷ്യരെ 'മക്കളായും' കാണുന്ന ഈ കവിത പാരിസ്ഥിതിക ശോഷണത്തിന് ഇടയാക്കുന്ന മാനുഷിക ഇടപെടലുകളെ മാതൃഹത്യയായാണ് ചിത്രീകരിക്കുന്നത്. 'അമ്മ'യുടെ മുലപ്പാൽ കുടിച്ചു വളർന്ന മക്കൾ ഭോഗാസക്തി മൂത്ത് അതേ അമ്മയെ മാനഭംഗപ്പെടുത്തുകയും ഒടുവിൽ ഹൃദയരക്തം പോലും ഊറ്റിക്കുടിച്ച് 'അവളെ' മരണത്തിലേക്ക് തള്ളിവിടുകയും ചെയ്യുന്നുവെന്ന് കവി പറയുന്നു.

മനുഷ്യന്റെ വിവേകരഹിതമായ ഇടപെടലുകൾ മരണത്തിലേക്ക് തള്ളിവിട്ടുകൊണ്ടിരിക്കുന്ന 'ഇനിയും മരിക്കാത്ത ഭൂമി'ക്ക് ചരമഗീതം രചിക്കുകയാണ് കവി. 'മൃതിയുടെ കറുത്ത വിഷപുഷ്പം വിടർന്ന്' അതിന്റെ നിഴലിൽ ഈ ഭൂമി നാളെ മരവിക്കുമ്പോൾ ആ മുഖത്ത് 'അശ്രുബിന്ദുക്കളാൽ ഉദകം പകർന്നു വിലപിക്കാൻ' ആരും അവശേഷിക്കില്ലെന്ന് തിരിച്ചറിയുന്ന കവി ഹൃദയത്തിൽ ഇന്നേ കുറിച്ചിടുന്ന വരികളാണിവ. 'ആസന്ന മൃത്യു'വായ ഭൂമിക്ക് കവി ആത്മശാന്തി നേരുന്നു. മാരകമായ പരിസ്ഥിതി മലിനീകരണത്തെയും ആണവായുധങ്ങളെയും 'മൃതിയുടെ കറുത്ത വിഷപുഷ്പം' എന്നാണ് കവി വിശേഷിപ്പിക്കുന്നത്. (കറുപ്പ് എന്ന നിറത്തെ നാശത്തിന്റെ പ്രതീകമായി ചിത്രീകരിക്കുന്നത് വിമർശനത്തിന് വിധേയമാക്കാവുന്നതാണ്. അത് മറ്റൊരു വിഷയം ആയതിനാൽ ഇവിടെ വിശദീകരിക്കുന്നില്ല). ഈ ചരമഗീതം ഭൂമിക്ക് വേണ്ടി മാത്രമല്ല, ഭൂമിയോടൊപ്പം ഇല്ലാതാകാൻ പോകുന്ന മനുഷ്യരാശിക്കും കവിക്കും കൂടിയുള്ളതാണ്. പ്രകൃതി നശിക്കുമ്പോൾ മനുഷ്യനും നിലനിൽപ്പില്ലെന്ന് 'ഇത് നിന്റെയും എന്റെയും ചരമശുശ്രൂഷയ്ക്ക്' എന്ന വാക്കുകളിലൂടെ കവി വ്യക്തമാക്കുന്നു.

ഭൂമിയെ മനുഷ്യരുടെ അമ്മയായും സൂര്യന്റെ വധുവായും സങ്കൽപ്പിച്ചുകൊണ്ടാണ് മനുഷ്യൻ പ്രകൃതിയോട് കാട്ടുന്ന ക്രൂരമായ നന്ദികേടിനെ ഒഎൻവി ആവിഷ്കരിക്കുന്നത്. ജലം, വായു, ഭക്ഷണം എന്നിങ്ങനെ പ്രകൃതി തരുന്ന വിഭവങ്ങളെ 'മുലപ്പാൽ' ആയി കവി വിശേഷിപ്പിക്കുന്നു. ആ മുലപ്പാൽ കുടിച്ചാണ് മനുഷ്യൻ വളർന്നത്.

**ഭൂമിയെ 'അമ്മ'യായും മനുഷ്യരെ 'മക്കളായും' കാണുന്ന ഈ കവിത പാരിസ്ഥിതിക ശോഷണത്തിന് ഇടയാക്കുന്ന മാനുഷിക ഇടപെടലുകളെ മാതൃഹത്യയായാണ് ചിത്രീകരിക്കുന്നത്.**



സൂര്യൻ തന്റെ പ്രിയതമയായ ഭൂമിക്ക് ചാർത്തിന ൽകിയ പ്രകൃതിഭംഗിയാകുന്ന വസ്ത്രങ്ങൾ വലിച്ചുകീറി, അവളുടെ 'നഗ്നമേനിയിൽ നഖം താഴ്ത്തി' മുറിവേൽപ്പിക്കുകയാണ് മനുഷ്യൻ ചെയ്യുന്നത്. ആ മുറിവുകളിൽ നിന്ന് ഒഴുകുന്ന രക്തം കുടിച്ച് മദോന്മത്തനായി സ്വന്തം നാശം ക്ഷണിച്ചു വരുത്തുന്ന മനുഷ്യന്റെ മരണാസക്തി (death instinct - Sigmund Freud) കൂടിയാണ് ഈ കവിതയിൽ ഒഎൻവി ചിത്രീകരിക്കുന്നത്. ഇവിടെ മനുഷ്യൻ സ്വന്തം വേരറുക്കുന്നവനാണ്. ഈ മാതൃഹത്യാ വിവരണ ത്തിലൂടെ നന്ദികെട്ട മക്കളാൽ വധിക്കപ്പെടുന്ന ഒരമ്മയായി ഒഎൻവി ഭൂമിയെ ചിത്രീകരിക്കുന്നു. സ്വന്തം പിതാവിനെ കൊന്ന് മാതാവിനെ ഇണയാക്കിയ ഈഡിപ്പസിനെയാണ് പ്രകൃതിയുടെ സ്വാഭാവിക നിയമങ്ങൾ ലംഘിച്ച് ഭൂമിയെ ചൂഷണം ചെയ്യുന്ന ആധുനിക മനുഷ്യന്റെ പ്രവൃത്തിയിൽ കവി കാണുന്നത്. ഈഡിപ്പസ് ചെയ്തത് വാസ്തവം അറിയാതെയാണെങ്കിൽ, ഇന്നത്തെ മനുഷ്യർ അറിഞ്ഞുകൊണ്ട് ഭൂമിയുടെ വസ്ത്രമുരിയുകയും (പ്രകൃതി വിഭവങ്ങൾ കൊള്ളയടിക്കുകയും) അത് ചന്തകളിൽ വിറ്റ് ലഹരി മോന്തുകയും ചെയ്യുന്നു. അശാസ്ത്രീയ വികസനത്തിന്റെ 'മഴുമുനകൾ' ഭൂമിയ്ക്ക് മുറിവേല്പിക്കുന്നു.

ജന്മം നൽകിയ മാതാവിനോടുള്ള പുരുഷ മനസ്സിലെ അബോധപൂർവ്വമായ ആസക്തിയും ഹിംസയുമാണ് ഫ്രോയ്ഡ് ഈഡിപ്പസ് കോംപ്ലക്സ് (Oedipus complex) എന്ന ആശയത്തിലൂടെ വിശദീ കരിക്കുന്നതെങ്കിൽ, അതേ ആസക്തിയോടെ മനുഷ്യൻ തന്റെ നിലനിൽപ്പിന് ആധാരമായ പ്രകൃതിയെ കീഴ്പ്പെടുത്തുന്നതും നശിപ്പിക്കുന്ന തുമാണ് കവി ഇവിടെ ചിത്രീകരിക്കുന്നത്. ഒടുവിൽ സത്യം തിരിച്ചറിഞ്ഞ ഈഡിപ്പസ് സ്വയം അന്ധനാക്കി ശിക്ഷ സ്വീകരിക്കുന്നത് പോലെ, ഭൂമിയെ നശിപ്പിക്കുന്ന മനുഷ്യനും വൈകാതെ ആത്മനാശത്തിന്റെ വക്കിലെത്തുമെന്ന് കവി മുന്നറിയിപ്പ് നൽകുന്നു. ഈ ക്രൂരത കണ്ട് സൂര്യൻ രോഷത്താൽ 'അഗ്നി വർഷിക്കു'ന്നു (ആഗോളതാപനം). പ്രകൃതിയുടെ താളം പാടേ തെറ്റുന്നു; മഴമേഘങ്ങൾ കുടിനീരിനായും തിരുവാതിര ഞാറ്റുവേലകൾ തണുപ്പിനായും ചിങ്ങമാസങ്ങൾ ഒരു കുഞ്ഞുപൂവിനായും പുഴകൾ ഒഴുക്കിനായും ദാഹിക്കുന്നു. ജീവന്റെ താളം നിലച്ചുപോകുന്നു. തന്റെ ഉള്ളിൽ ശേഷിക്കുന്ന ബോധത്തിന്റെ ഒരിറ്റു വെളിച്ചം കെടുന്നതിന് മുൻപ് (അഥവാ, മനുഷ്യവംശം ഇല്ലാതാകുന്നതിന് മുൻപ്) കവി ഈ വിലാപഗീതം കുറിക്കുന്നു. പ്രകൃതിയുടെ സ്വാഭാവിക താളം തെറ്റുന്നതോടെ മഴയും കുളിരും പൂക്കളും പുഴയുടെ ഒഴുക്കും നഷ്ടമായ ഒരു വരണ്ട ലോകം രൂപപ്പെടുന്നു. ജീവരഥത്തിന്റെ ചക്രങ്ങൾ ചളിയിൽ ഉറച്ചു പോകുന്നു.

പ്രകൃതിയെ അമ്മയായി കാണുന്ന ഈ കവിതയിൽ മനുഷ്യൻ പ്രകൃതിയെ കീഴ്പ്പെടുത്തു ന്നതും അതിലെ വിഭവങ്ങൾ അമിതമായി ഊറ്റി





**നന്ദികെട്ട മക്കളാൽ വധിക്കപ്പെടുന്ന ഒരമ്മയായി ഒഎൻവി ഭൂമിയെ ചിത്രീകരിക്കുന്നു.**

യെടുക്കുന്നതും ആ അമ്മയ്ക്കെതിരായ ഹിംസയാണ്. തന്റെ കാമനകൾക്കും ലാഭത്തിനും വേണ്ടി എന്തിനെയും നശിപ്പിക്കുന്ന മാനസികാവസ്ഥയെ ഫ്രോയിഡിയൻ അർത്ഥത്തിൽ 'ലിബിഡോ' (libido) അഥവാ വഴിതെറ്റിയ ജന്മവാസനകളായി കാണാം. പോറ്റി വളർത്തിയ അമ്മയെ (ഭൂമിയെ) പീഡിപ്പിച്ച് ഒടുവിൽ മരണത്തിലേക്ക് തള്ളിവിടുകയാണ് മനുഷ്യൻ ചെയ്യുന്നത്. സൃഷ്ടിപരമായ ചോദനകൾ നശിച്ച്, താൻ വസിക്കുന്ന ഇടത്തെ ഇല്ലാതാക്കുന്ന മരണവാസനയിലേക്ക് മനുഷ്യവംശം എത്തിയിരിക്കുന്നു. സ്വന്തം അമ്മയെ കീഴ്പ്പെടുത്തി സ്വന്തമാക്കിയ മകന്റെ നീറ്റലാണ് ഈഡിപ്പസിൽ കാണുന്നതെങ്കിൽ, സ്വന്തം അമ്മയെ കൊല്ലുന്ന മകന്റെ കുറ്റബോധത്തിലേക്കാണ് ഈ കവിത വായനക്കാരനെ തള്ളിയിടുന്നത്. പ്രകൃതിയോടുള്ള മനുഷ്യന്റെ ക്രൂരതയെ കേവലം പാരിസ്ഥിതിക പ്രശ്നമായല്ല, മറിച്ച് മനുഷ്യന്റെ ഉള്ളിലെ വികൃതമാക്കപ്പെട്ട കാമനകളുടെയും ഹിംസയുടെയും ലക്ഷണമായിക്കൂടി കാണാൻ പ്രേരിപ്പിക്കുന്നവയാണ് ഈ രൂപകങ്ങൾ.

ഭൂമിയും മനുഷ്യനും തമ്മിലുള്ള അഭേദ്യ ബന്ധത്തെ അത്യന്തം വൈകാരികമായി ചിത്രീകരിച്ചുകൊണ്ടാണ് കവി ഈ മാതൃഹത്യാ വിവരണത്തെ കൂടുതൽ ഹൃദയഭേദകമാക്കുന്നത്. ജനനസമയത്ത് നാവിലുറയുന്ന 'വയമ്പും തേനു'മായും മരിക്കുമ്പോൾ ചുണ്ടിൽ നനയുന്ന 'തീർത്ഥജല'മായും മാറുന്ന ഭൂമി കവിക്ക് ജീവിതത്തിന്റെ എല്ലാമാണ്. ഒരു ചെറിയ മഞ്ഞുതുള്ളിയിൽ പ്രതിഫലിക്കുന്ന സൂര്യപ്രകാശം പോലും കവിയുടെ ഉള്ളിൽ പുതിയൊരു പ്രഭാതം സൃഷ്ടിക്കുന്നു. തന്റെ ആഗ്രഹങ്ങൾ പശുക്കളായി മേഞ്ഞുനടന്നത് ഈ ഭൂമിയുടെ തണലുകളിലാണെന്നും കടലിന് മുകളിലൂടെ വീശുന്ന കാറ്റുകൾ പ്രവാചകന്മാരുടെ വാക്കുകൾ പോലെ പവിത്രമാണെന്നും കവി ഓർക്കുന്നു. പ്രകൃതിയിലെ ഓരോ പുല്ലിൽ പോലും ദിവ്യത്വം ദർശിക്കുന്ന വർണ്ണനകൾ ഈ മാതൃഹത്യ കൂടുതൽ വേദനാകരവും സ്തോഭജനകവുമായി പിന്നെയും പിന്നെയും അനുഭവിപ്പിക്കുന്നു.

ആയിരം 'ഉണ്ണിക്കനികൾക്ക്' താരാട്ടും തൊട്ടിലുമായി മാറുന്ന പ്രകൃതി പൂക്കളായും പുഴകളായും പക്ഷികളുടെ കുറുകലായും മനുഷ്യന്റെ സന്തോഷങ്ങൾക്ക് താളം പിടിക്കുന്നു. പൂവാകയും ഇലഞ്ഞിയും കൊന്നയും പൂക്കുന്നതിനെ പ്രകൃതി വർണ്ണക്കുടകൾ മാറുന്നതായി കവി സങ്കല്പിക്കുന്നു. ഭൂമി സന്ധ്യയെയും ഉഷസ്സിനെയും മാറി മാറി തോളിലേറ്റുന്നത് നോക്കി കവി വിസ്മയം കൂറുന്നു. തന്റെ സർഗ്ഗാത്മകതയെ അടവച്ച് വിരിയിച്ചെടുക്കുന്നതും ജലകണികപോലെ തരളമായ തന്റെ ജീവിതത്തിന് ഒരു താമരയില പോലെ താങ്ങായി നിൽക്കുന്നതും ഈ ഭൂമിയാണെന്ന് കവി തിരിച്ചറിയുന്നു. അറിഞ്ഞതും അനുഭവിച്ചതുമായി തന്നിൽ നിറഞ്ഞുനിൽക്കുന്ന പ്രകൃതിയുടെ ഓർമ്മകൾ മാത്രമാണ് തന്റെ ജീവനെന്ന് കവി സാക്ഷ്യപ്പെടുത്തുന്നു. സംഗീതം പൊഴിക്കുന്ന ചിറകുകളുള്ള ഈ രാജഹംസത്തിന്റെ തൂവൽത്തുമ്പിലെ ഒരു 'മാത്ര'



മാത്രമാണ് തന്റെ കാവ്യജീവിതമെന്ന് കവി കാണുന്നു. ഇന്ന് ആ ഭൂമി മനുഷ്യന്റെ പ്രവൃത്തികളിലൂടെ അപമാനിതയായി, സന്താന പാപത്തിന്റെ വിഴുപ്പും പേറി, തല മുണ്ഡനം ചെയ്യപ്പെട്ട ഭ്രഷ്ടയെപ്പോലെ സൗരമണ്ഡലത്തിന്റെ പെരുവഴിയിലൂടെ അലയുകയാണ്. ആ യാത്രയിൽ ഭൂമിയുടെ സിരകളിലൂടെ മരണം അരിച്ചുകയറുന്നു.

'ഹരിതമൃദുകഞ്ചുകം തെല്ലൊന്നു നീക്കി' ഭൂമിയാകുന്ന അമ്മ നൽകിയ 'മുലപ്പാൽ കുടിച്ചു തെഴുത്ത' മക്കൾ ആ അമ്മയുടെ ഹൃദയം പിളർന്ന് രക്തം കുടിക്കുന്ന കാലത്തോടുള്ള കലഹവും സർഗാത്മകമായ നിഷേധവുമാണ് ഈ കവിത. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ കാല്പനിക ഭാവങ്ങൾ പങ്കുവയ്ക്കുന്ന മറ്റ് രചനകളിൽ നിന്ന് വ്യത്യസ്തമായി, ശാസ്ത്രപരമായ സൂക്ഷ്മത ഈ വരികളിൽ കാണാം. ആഗോള താപനം, മഴയുടെ അസന്തുലിതത്വം, ഋതു ചക്രങ്ങളുടെ താളഭ്രംശം, നദികൾക്ക് സംഭവിക്കുന്ന നാശം എന്നിങ്ങനെ പാരിസ്ഥിതിക ശോഷണത്തിന്റെ വിവിധ വശങ്ങളെ ഈ കവിത ഭാവഭദ്രമായി അഭിസംബോധന ചെയ്യുന്നു. എന്നാൽ, അമ്മ സങ്കല്പത്തിൽ ദൈവിക ഭാവം കാണുന്ന ഇന്ത്യൻ മനസ്സിനെ അതിന് താങ്ങാൻ കഴിയാത്ത മാതൃഭോഗ(incest)ത്തിന്റെയും മാതൃഹത്യ(matricide)യുടെയും രൂപകങ്ങൾ കൊണ്ട് പ്രഹരിക്കുന്നിടത്താണ് 'ഭൂമിക്കൊരു ചരമഗീതം' മലയാളത്തിലെ പാരിസ്ഥിതിക സാഹിത്യത്തിന്റെ ചരിത്രത്തിലെ വിച്ഛേദമായി മാറുന്നത്. അതു കൊണ്ടു തന്നെയാണ് മറ്റ് കവിതകൾക്കു കഴിയാത്ത വിധത്തിൽ 'ഭൂമിക്കൊരു ചരമഗീതം' മലയാളിയുടെ മനസ്സിൽ കടുത്ത ക്ഷതമേൽപ്പിച്ചത്, ഇപ്പോഴും ഏൽപ്പിച്ചു കൊണ്ടിരിക്കുന്നത്. ഭൂമിക്ക് നേരെ നടക്കുന്ന ഓരോ കയ്യേറ്റവും കവിക്ക് 'മാതൃദ്രോഹം' തന്നെ. പ്രകൃതിവിഭവങ്ങളുടെ അമിത ചൂഷണം, വനം നശിപ്പിക്കൽ, അന്തരീക്ഷ മലിനീകരണം എന്നിവയെല്ലാം ഭൂമിയുടെ ജീവനെടുക്കുന്ന മാതൃദ്രോഹ പ്രവൃത്തികളാണ്. മനശ്ശാസ്ത്രത്തിൽ മാതൃഭോഗം, മാതൃഹത്യ എന്നിവ വ്യത്യസ്ത ആശയങ്ങളാണെങ്കിൽ അവ രണ്ടും ഒരൊറ്റ രൂപകത്തിൽ വിളക്കിച്ചേർത്തു കൊണ്ടാണ് ഒ.എൻ.വി. ഈ കവിതയുടെ പ്രഹരശേഷി വർധിപ്പിക്കുന്നത്.

'ഭൂമിക്കൊരു ചരമഗീത'ത്തിലെ മാതൃഭോഗം (incest) എന്ന രൂപകം ശക്തവും അസ്വസ്ഥതയുണ്ടാക്കുന്നതുമാണ്. പ്രകൃതിയെ ഉപഭോഗ വസ്തുവായി മാത്രം കാണുന്ന ആധുനിക മനുഷ്യന്റെ ആർത്തിയാണ് ഇവിടെ 'മാതൃഭോഗ'മായി മാറുന്നത്. ഫ്രോയ്ഡിയൻ മനശ്ശാസ്ത്രത്തിൽ ഈഡിപ്പസ് കോംപ്ലക്സ് എന്നത് അബോധമനസ്സിലെ ഒരു സംഘർഷമാണെങ്കിൽ,

ഇവിടെ അത് ബോധപൂർവ്വമായ നശീകരണമാണ്. വിശക്കുമ്പോൾ മുലപ്പാൽ നൽകുന്ന 'നല്ല' അമ്മയോടുള്ള സ്നേഹവും പാൽ വൈകിക്കുന്ന 'ചീത്ത' അമ്മയോടു തോന്നുന്ന നിരാശയിൽ നിന്നുള്ള രോഷവും ചേരുന്ന ശിശുവിന്റെ മാനസിക സങ്കീർണ്ണതയെ മെലാനി ക്ലെൻ (Melanie Klein) വിശകലനം ചെയ്തിട്ടുണ്ട്. ഈ വിരുദ്ധ വികാരങ്ങളെ (ambivalence) സമന്വയിപ്പിക്കാൻ കഴിയാത്ത വ്യക്തികളിൽ, ശിക്ഷയുടെയും അച്ചടക്കം പഠിപ്പിക്കലിന്റെയും വശത്തെ നശിപ്പിക്കാനുള്ള ശ്രമമായാണ് അവർ (Melanie Klein) മാതൃഹത്യ എന്ന ആശയത്തെ കാണുന്നത്. മനുഷ്യനെ പ്രകൃതിയോട് ബാധ്യതപ്പെടുത്തുന്നതിന് എതിരായ ഭോഗതൃഷ്ണയുടെയും മരണാഭിമുഖ്യത്തിന്റെയും തിരത്തള്ളൽ പ്രകൃതിക്ക് മേൽ മനുഷ്യൻ നടത്തുന്ന കടന്നുകയറ്റങ്ങളിൽ കാണാം.

കുട്ടികളുടെ മനസ്സിലെ അക്രമവാസന ശക്തമാക്കുന്ന 'കോമിക്കു'കളുടെ തീവ്ര വിമർശകനായിരുന്ന ഫ്രെഡറിക് വെർത്താം (Fredric Wertham) അമ്മയോടുള്ള അമിതമായ അടുപ്പവും അതേസമയം അവരോടുള്ള കടുത്ത വിദ്വേഷവും (hostility) ഒരേ സമയം നിലനിൽക്കുന്ന മാനസികാവസ്ഥയെ വിശകലനം ചെയ്യുന്നുണ്ട്. ഹിംസാത്മകമായ ഭോഗത്തിലൂടെ മനുഷ്യൻ പ്രകൃതിയെ മരണത്തിലേക്ക് തള്ളിവിടുന്നതും അതിലൂടെ സ്വയം നശിക്കുന്നതുമാണ് 'ഭൂമിക്കൊരു ചരമഗീതം' ചിത്രീകരിക്കുന്നത്. വെറും ഒരു കുറ്റകൃത്യമായല്ല, മറിച്ച് വ്യക്തിയുടെ മാനസിക വളർച്ചയിലുണ്ടായ ഗുരുതരമായ തകരാറുകളുടെ സൂചനയായാണ് മനശ്ശാസ്ത്ര ചിന്തകർ മാതൃഹത്യ(matricide)യെ കാണുന്നത്. അത് സ്വയംഹത്യയുടെ ഒരു വകഭേദം (psychic suicide) കൂടിയാണ്. പ്രതീകാത്മക മനശാസ്ത്രത്തിൽ (symbolic psychology) അമ്മയുടെ നാശം എന്നത് സ്വന്തം നിലനിൽപ്പിന്റെ തന്നെ തകർച്ചയ്ക്ക് തുല്യമാണ്.

സ്വന്തം വ്യക്തിത്വം കണ്ടെത്താൻ അമ്മയെ ഇല്ലാതാക്കണമെന്ന വികല ചിന്തയും മനശാസ്ത്ര വിശകലനത്തിന് വിധേയമാക്കപ്പെട്ടിട്ടുണ്ട്. പ്രകൃതിക്ക് കീഴടങ്ങുന്ന മനുഷ്യനല്ല, പ്രകൃതിയെ കീഴ്പ്പെടുത്തി അജയ്യനായി വിരാജിക്കുന്ന മനുഷ്യനാണ് ഇന്നത്തെ സങ്കല്പത്തിലുള്ളത്. പ്രകൃതിയിൽ നിന്ന് വേറിട്ട് സ്വന്തം വ്യക്തിത്വം സ്ഥാപിച്ച് വളരുന്നതും അത് മാതൃഹത്യാ ഭാവം കൈവരിക്കുന്നതും കാണാൻ കഴിയും. സമൂഹ മനസ്സിന്റെ സമനില നഷ്ടപ്പെട്ട് ഉന്മാദത്തിന് വിധേയമാകുന്ന മനുഷ്യൻ (collective psychosis) മാതൃഹത്യാ ത്വരയോടെ പ്രകൃതിയെ നശിപ്പിക്കുന്നു.

പ്രകൃതിയെ നശിപ്പിക്കുന്ന മനുഷ്യനെ ഒരു പുരുഷഭാവമായാണ് കവി ചിത്രീകരിച്ചിരിക്കുന്നത്. ഇവിടെ ഭൂമി നിസ്സഹായയായ സ്ത്രീയായും ഭൂമിയുടെ മക്കളായ മനുഷ്യർ അവളെ ചൂഷണം ചെയ്യുന്ന സംഹാരാത്മക സ്വഭാവമുള്ള പുരുഷപ്രഭാവമായും മാറുന്നു. പുരുഷൻ സ്ത്രീയെ അടിച്ചമർത്തുന്നതുപോലെയാണ് പുരുഷാധിപത്യ ചിന്താഗതിയുള്ള സമൂഹം പ്രകൃതിയെ കീഴ്പ്പെടുത്തി ചൂഷണം ചെയ്യുന്നതെന്ന ഇക്കോ ഫെമിനിസത്തിന്റെ കാഴ്ചപ്പാട് ഇവിടെ പ്രസക്തമാകുന്നു. പ്രകൃതിയെ കീഴ്പ്പെടുത്തേണ്ട ഒന്നായാണ് പുരുഷാധിപത്യ ലോകം കാണുന്നതെന്ന് ഇക്കോഫെമിനിസ്റ്റുകൾ നിരീക്ഷിക്കുന്നു. ഈ 'അക്രമകാരിയായ' പുരുഷഭാവത്തെയാണ് മനുഷ്യന്റെ ആർത്തിക്ക് അടയാളമായി കവി ഉപയോഗിച്ചിരിക്കുന്നത്. സാങ്കേതികവിദ്യയുടെയും യുദ്ധങ്ങളുടെയും ആയുധങ്ങളുടെയും ലോകം ഏറിയ കൂറും പുരുഷാധികാരത്താൽ നിയന്ത്രിക്കപ്പെടുന്നതാണ്. പ്രകൃതിയുടെ സഹജ ലാവണ്യത്തെ നശിപ്പിക്കുന്നതിലൂടെ ഈ അധികാര ലോകം തങ്ങളുടെ ആധിപത്യം ഉറപ്പിക്കുന്നു. ഭൂമിയുടെ

**പ്രകൃതിയെ നശിപ്പിക്കുന്ന മനുഷ്യനെ ഒരു പുരുഷഭാവമായാണ് കവി ചിത്രീകരിച്ചിരിക്കുന്നത്. ഇവിടെ ഭൂമി നിസ്സഹായയായ സ്ത്രീയായും ഭൂമിയുടെ മക്കളായ മനുഷ്യർ അവളെ ചൂഷണം ചെയ്യുന്ന സംഹാരാത്മക സ്വഭാവമുള്ള പുരുഷപ്രഭാവമായും മാറുന്നു.**

വസ്ത്രം (കാടുകൾ) വലിച്ചുകീറുകയും അവളുടെ ഹൃദയരക്തം ഊറ്റിയെടുക്കുകയും ചെയ്യുന്ന മനുഷ്യന് ഈ കവിതയിൽ നശീകരണ സ്വഭാവമുള്ള പുരുഷഭാവമാണ്. സ്ത്രൈണമായ (സൃഷ്ടിപരമായ) പ്രകൃതിയും സംഹാരാത്മകമായ അധിനിവേശ ഭാവവും തമ്മിലുള്ള വൈരുദ്ധ്യമാണ് ഈ കവിതയുടെ ഭാവതലം രൂപപ്പെടുത്തുന്നത്.

മലയാളിയുടെ മനസ്സിനെ വാക്കുകൾ കൊണ്ട് മുറിവേൽപ്പിക്കാൻ ഇതിലപ്പുറം മറ്റൊന്നുമില്ല. ഈ വേദന നാം അർഹിക്കുന്നതു തന്നെ! 'ഇനിയും മരിക്കാത്ത ഭൂമി, നിന്നാസന്ന മൃതിയാൽ നിനക്കാത്മശാന്തി!'

# മാർച്ച് 3
# ലോക വന്യജീവി ദിനം

വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യം സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനായി എല്ലാ വർഷവും മാർച്ച് 3-ന് ലോക വന്യജീവി ദിനം (World Wildlife Day) ആചരിക്കുന്നു.

ലോകത്തിലെ വംശനാശഭീഷണി നേരിടുന്ന ജീവികളുടെയും സസ്യങ്ങളുടെയും അന്താരാഷ്ട്ര വ്യാപാരം നിയന്ത്രിക്കുന്നതിനുള്ള 'സൈറ്റസ്' (CITES) കരാർ 1973 മാർച്ച് 3-നാണ് ഒപ്പുവെച്ചത്. ഇതിന്റെ ഓർമ്മയ്ക്കായി 2013-ൽ ഐക്യരാഷ്ട്രസഭ മാർച്ച് 3 ലോക വന്യജീവി ദിനമായി പ്രഖ്യാപിച്ചു. ഭൂമിയിലെ അപൂർവ്വ സസ്യജന്തുജാലങ്ങളെ സംരക്ഷിക്കുക, വന്യജീവി വേട്ടയും കടത്തും തടയുക, പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ വന്യജീവികൾക്കുള്ള പങ്ക് ജനങ്ങളെ ബോധ്യപ്പെടുത്തുക എന്നിവയാണ് ഈ ദിനാചരണത്തിന്റെ ലക്ഷ്യങ്ങൾ.

'വന്യജീവി സംരക്ഷണത്തിനായി ഡിജിറ്റൽ സങ്കേതങ്ങൾ' (Connecting People and Planet: Exploring Digital Innovation in Wildlife Conservation) എന്നതായിരുന്നു 2024-ലെ വന്യജീവി ദിന പ്രമേയം. 'വന്യജീവി സംരക്ഷണത്തിനു വേണ്ടിയുള്ള മുതൽമുടക്ക്' എന്നതായിരുന്നു 2025-ലെ പ്രമേയം. 'വന്യജീവികളും സഹവർത്തിത്വവും' (Wildlife and Coexistence) എന്ന ഈ വർഷത്തെ പ്രമേയം വന്യജീവികളും മനുഷ്യരും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിലും സമാധാനപരമായ സഹവർത്തിത്വം ഉറപ്പാക്കുന്നതിലും ഊന്നൽ നൽകുന്നു.



# മാർച്ച് 23
# ലോക കാലാവസ്ഥാ ദിനം

കാലാവസ്ഥാ പ്രതിരോധത്തിന്റെ പ്രാധാന്യം സംബന്ധിച്ച് ജനങ്ങളിൽ അവബോധം വളർത്തുന്നതിനായി എല്ലാ വർഷവും മാർച്ച് 23 ലോക കാലാവസ്ഥാ ദിന(World Meteorological Day)മായി ആചരിക്കുന്നു.

1950 മാർച്ച് 23-നാണ് ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള ലോക കാലാവസ്ഥാ സംഘടന (World Meteorological Organization - WMO) സ്ഥാപിതമായത്. ഈ ദിനത്തിന്റെ ഓർമ്മയ്ക്കായാണ് 1961 മുതൽ ലോക കാലാവസ്ഥാ ദിനം ആചരിച്ചു തുടങ്ങിയത്. കൃത്യമായ കാലാവസ്ഥാ പ്രവചനങ്ങൾ, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ, ആഗോളതാപനം തടയൽ തുടങ്ങിയ കാര്യങ്ങളിൽ കാലാവസ്ഥാ ശാസ്ത്രജ്ഞരും ദേശീയ കാലാവസ്ഥാ കേന്ദ്രങ്ങളും പരിസ്ഥിതി പ്രവർത്തകരും  പുനഃസ്ഥാപന പ്രവർത്തനങ്ങളും വഹിക്കുന്ന നിർണ്ണായക പങ്ക് പൊതുജനങ്ങളെ ബോധ്യപ്പെടുത്തുകയാണ് ഈ ദിനത്തിന്റെ ലക്ഷ്യം.

ഓരോ വർഷവും  ഒരു  സവിശേഷ വിഷയത്തെ അടിസ്ഥാനമാക്കിയാണ് ഈ ദിനം ആചരിക്കുന്നത്.

'കാലാവസ്ഥാ പ്രവർത്തനങ്ങളുടെ മുൻനിരയിൽ അണിനിരക്കുക' (At the Frontline of Climate Action) എന്നതായിരുന്നു 2024-ലെ കാലാവസ്ഥാ ദിന പ്രമേയം.  'കാലാവസ്ഥാ മുന്നറിയിപ്പുകളിലെ വിടവ് നമുക്ക് ഒന്നിച്ച് നികത്താം' (Closing the Early Warning Gap Together) എന്ന പ്രമേയമാണ് 2025-ൽ  സ്വീകരിച്ചത്. 'ഇന്നത്തെ ശ്രദ്ധ, സുരക്ഷിതമായ നാളെ' (Observing Today, Protecting Tomorrow) എന്നതാണ് ഈ വർഷത്തെ പ്രമേയം.



THADDESAKAM (MONTHLY) MARCH 2026
₹30 Annual Subscription ₹300, Published on MARCH 2026

RNI. No: KERML/2023/89208
Press Registrar General of India Dated 16/12/2024



Printed & published and Owned by Geromic George I A S, Principal Director, Directorate of Local Self Government
Department of Kerala, Printed at Gramalekshmi Mudralayam, Kalliyoor, Thiruvananthapuram
Published from Principal Directorate, Swaraj Bhavan, Nandancode, Kowdiar P.O., Thiruvananthapuram, Kerala 695 003,
Editor: Deepa K.